# ദി ഡിഫെൻഡർ

Vol. No. 12 Issue No. 18 RNI Reg. No. 68089 / 97 Published From Perumbavoor 2009 September 16 Price: Rs.100/- P.A.

# യു.എ.ഇ ഓവർസിയർക്ക് കുഴൽപ്പണ ഇടപാടുകളും

സിപ്പ് പാപ്പച്ചനു കുഴൽപ്പണ ഇടപാടും. കേട്ടാൽ വിശ്വാസം വരില്ലെങ്കിലും സംഗതി സത്യമാണ്. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ റീജിയൻ ഓവർസിയറായ കെ.ഒ.മാത്യുവിന് വ്യഭിചാരം മാത്രമല്ല ഹവാല ഇടപാടും ഉണ്ടെന്ന് ഡിഫെൻഡറിനു ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ലക്ഷക്കണക്കിനു രൂപയുടെ കുഴൽപ്പണ ഇടപാടുകൾ ഇയാൾ നടത്തിയെന്നതിനുള്ള തെളിവുകളാണ് ലഭിച്ചിരിക്കുന്നത്.

ഹവാല എന്ന പേരിൽ അറിയപ്പെടുന്ന കുഴൽപ്പണ ഇടപാടുകൾ നിയമവിരുദ്ധമാണ്. പിടിക്കപ്പെട്ടാൽ വൻതുക പിഴ ഒടുക്കേണ്ടിവരും. ജയിൽശിക്ഷയും ലഭിക്കാവുന്നതാണ്. പക്ഷേ നിയമങ്ങൾക്കു പുല്ലു വില കല്പിക്കുന്ന കെ.ഒ.മാത്യുവിന് ഇതൊന്നും പ്രശ്നമല്ല. അഹങ്കാരം മൂത്തപ്പോൾ എന്തും ആകാമെന്ന ഭാവമായി. അങ്ങനെയാണു കുഴൽപ്പണ ഇടപാടുമായി ബന്ധപ്പെട്ടത്.

കെ.ഒ.മാത്യു ഹവാല ഇടപാടു തുടങ്ങിയിട്ട് കാലം കുറെ ആയി. ഇന്ത്യയിൽ നിന്നു ഗൾഫിലേക്കും ഗൾഫിൽ നിന്ന് ഇന്ത്യയിലേക്കും കെ.ഒ.മാത്യു പണം മാറ്റുന്നത് ഹവാല ഇടപാടിലൂടെയാണ്. ചെക്കു കേസ്സിനും ജയിൽവാസത്തിനും ഇടയാക്കിയ ഒരു കോടി രൂപ ഇന്ത്യയിൽ നിന്ന് ഗൾഫിൽ എത്തിച്ചതും ഹവാലയിലൂടെതന്നെ. അതിന് 36115 ദർഹം (ഏകദേശം 4,70,000 രൂപ) ചെലവാകുകയും ചെയ്തു. ഈ ഹവാല ഇടപാടിൽ അലക്സ് ഏബ്രഹാമിനും പങ്കുണ്ടെന്നു വേണം കരുതാൻ. അങ്ങനെയെങ്കിൽ അലക്സും കുറ്റക്കാരനാകും. ഇതേപ്പറ്റി ഡിഫെൻഡർ അന്വേഷണം നടത്തിവരുന്നു.

അധോലോകവുമായി ബന്ധമുള്ള പരിപാടിയാണ് കുഴൽപ്പണത്തിന്റേത് എന്നു വിശേഷിച്ചു പറയേണ്ടതില്ല. വെറും അധോലോകമല്ല ഇന്റർനാഷണൽ അധോലോകമാണ് കുഴൽപ്പണ ബിസിനസ്സ് നടത്തുന്നത്. ഇവരുമായി



ചേർന്ന് കോടികളുടെ ബിസിനസ്സ് നടത്തുന്ന കെ.ഒ.മാത്യുവിന് ശക്തമായ അധോലോക ബന്ധമുണ്ടെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ചെക്കു കേസ്സിന് ആധാരമായ പണമിടപാടിലൂടെ ഗൾഫിൽ എത്തിയതു മാത്രം കണക്കാക്കിയാൽ ഒരു കോടി രൂപയ്ക്കു മുകളിൽ വരും. 884615 ദിർഹമാണ് ഈ ഒറ്റ ഇടപാടിലുള്ളത്. ഇന്ത്യൻ കണക്കിൽ ഇത് ഏകദേശം 1,15,00,000 രൂപയാണ്. അങ്ങനെയെങ്കിൽ മറ്റിടപാടുകൾ എത്രത്തോളമായിരിക്കുമെന്ന് ഊഹിക്കാമല്ലോ.

പരമ വിശുദ്ധനായി ചമഞ്ഞു നടക്കുന്ന കെ.ഒ.മാത്യു സ്വന്തം മകളേപ്പോലെ കണക്കാക്കേണ്ട (14 വയസ്സുള്ള) പെൺകുട്ടിയോട് കാട്ടിക്കൂട്ടിയതെന്തൊക്കെയെന്ന് കഴിഞ്ഞലക്കം ഡിഫെൻഡറിൽ വിശദീകരിച്ചിരുന്നല്ലോ. അതോടുള്ള ബന്ധത്തിൽ മറ്റു ചിലതുകൂടി പറയാനുണ്ടെങ്കിലും കെ.ഒ.മാത്യുവിന്റെ പീഡക്കിരയായ ആ പെൺകുട്ടിയുടേയും കുടുംബത്തിന്റേയും ഭാവിയെക്കരുതി വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ആഭാസൻമാർ പോലും ചെയ്യാനറയ്ക്കുന്ന വിധത്തിലാണ് കെ.ഒ.മാത്യു എന്ന വിശുദ്ധൻ ആ കുട്ടിയോടു പെരുമാറിയതെന്നു പറഞ്ഞുകൊണ്ട് ആ വിഷയം വിടുന്നു.

സാധാരണക്കാരനായ ഒരു പാസ്റ്റർ പോലും ചെയ്യാൻ പാടില്ലാത്ത ഹീനകൃത്യങ്ങളാണ് കെ.ഒ.മാത്യു ചെയ്തുകൂട്ടിയിട്ടുള്ളത്. പക്ഷേ പണം ഉപയോഗിച്ച് പാപങ്ങൾ മറയ്ക്കാൻ നാളിതുവരെ ഇയാൾക്കു കഴിഞ്ഞു. ഇനി അതു നടപ്പില്ല. ഈ നീചൻ ഓവർസിയറായി തുടരാൻ പാടില്ല. അതിന് ആവശ്യമായതെല്ലാം ഡിഫെൻഡർ ചെയ്യും. ഹവാല ഇടപാടിനേക്കുറിച്ച് എൻഫോഴ്സ്മെന്റ് വകുപ്പിനും ബന്ധപ്പെട്ട മറ്റ് ഡിപ്പാർട്ട്മെന്റുകൾക്കും ഡിഫെൻഡർ വിവരം നൽകിയിട്ടുണ്ട്. നടപടിയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

ഇത്രയുമൊക്കെയായിട്ടും ഈ നീചനു പിൻതുണ നൽകിക്കൊണ്ട് ഒപ്പം നിൽക്കുന്നവരുണ്ട്. അവരേക്കുറിച്ചും ചിലതൊക്കെ പറയാനുണ്ടെങ്കിലും അത് അടുത്ത ലക്കത്തിലാകട്ടെ.

# വൈസ് പ്രസിഡന്റ് പദവിക്കായി നേതാക്കൻമാരുടെ തമ്മിലടി





ഐ.പി.സി ജനറൽ ഇലക്ഷൻ സെപ്റ്റംബർ 15ന് നടക്കും. ഈ ലക്കം ഡിഫെൻഡർ വായനക്കാരുടെ കൈകളിൽ എത്തുന്നതിനു മുൻപായി ഫലപ്രഖ്യാപനവും കഴിഞ്ഞിരിക്കും. എങ്കിലും ഇലക്ഷനുമായി ബന്ധപ്പെട്ട് അരങ്ങേറുന്ന ചില അസംബന്ധനാടകങ്ങളേക്കുറിച്ചു പറയാതെവയ്യ.

ജനറൽ പ്രസിഡന്റായി ചുമ്മാ ഡോ കെ.സി.ജോണും ജനറൽ സെക്രട്ടറിയായി വൽസൻ തമ്പുരാനും എതിരില്ലാതെ തുടരുകയാണ്. മരണപര്യന്തം ഇവർ അധികാരത്തിൽ ഉണ്ടാകുകയും ചെയ്യും. ആറു വർഷത്തിലൊരിക്കൽ പ്രസിഡന്റു സെക്രട്ടറിയും സെക്രട്ടറി പ്രസിഡന്റും ആകുമെന്നേയുള്ളൂ. ബാക്കിയുള്ള സ്ഥാനങ്ങളിലേക്കാണ് മത്സരമുള്ളത്. ഇന്ദുലേഖയെ കിട്ടിയില്ലെങ്കിൽ കല്യാണിക്കുട്ടിയെ മതിയെന്നു വയ്ക്കാം എന്ന തത്ത്വമനുസരിച്ച് പ്രസിഡന്റാകാൻ പറ്റിയില്ലെങ്കിൽ വൈസ് പ്രസിഡന്റെങ്കിലും ആയാൽ മതി എന്ന ആഗ്രഹത്തോടെ മൂന്നു ഫോറിൻ വിശുദ്ധർ അവതരിച്ചിട്ടുണ്ട്. വിദേശികൾ എന്നു പറഞ്ഞതുകൊണ്ടു തെറ്റിദ്ധരിക്കരുത്. ഇവർ മലയാളികൾ തന്നെ. താമസം വിദേശത്താണെന്നേയുള്ളൂ. വൽസൻ പഞ്ചാബുകാരനോ അന്ധ്രാക്കാരനോ അമേരിക്കക്കാരനോ ഒക്കെ ആണെന്നു തരം പോലെ പറയാറുണ്ടല്ലോ. അതുപോലുള്ള ഒരു തമാശയാണിത്. ജയിക്കാൻ വേണ്ടി ഈ മൂന്നുപേരും വാശിയിൽ പോരടിക്കുകയുമാണ്.

ജോയിന്റ് സെക്രട്ടറി, ട്രഷറാർ തുടങ്ങിയ സ്ഥാനങ്ങളിലേക്കും മത്സരമുണ്ടെങ്കിലും വൈസ് പ്രസിഡന്റ് കസേരയ്ക്കുവേണ്ടിയാണ് ഏറ്റവും അധികം പിടിവലിയുള്ളത്. ദൈവം തങ്ങളോടൊപ്പമാണെന്ന് ഓരോ സ്ഥാനാർത്ഥിയും അവകാശപ്പെടുകയും തീവ്രമായി വിശ്വസിക്കുകയും ചെയ്യുന്നു. ജയിക്കാൻ വേണ്ടി ഏവരും പ്രാർത്ഥിക്കുന്നുമുണ്ട്. ഐ.പി.സി എന്നത് ദൈവസഭയാണെന്നും ഇലക്ഷനിൽ ജയിച്ചാൽ ദൈവസഭയുടെ നേതാവാകാമെന്നും മറ്റും ധരിച്ചു വച്ചിരിക്കുന്ന ഈ വിഡ്ഢികളോടു സഹതപിക്കുകയേ നിവൃത്തിയുള്ളൂ. ഏതായാലും മോനായിയേപ്പോലുള്ള ചില പത്രക്കാർക്കു കുശാലായി. ഒരു വർഷം പത്രം നടത്താനുള്ള കാശ് അവർക്കു കിട്ടിക്കഴിഞ്ഞു.

# കെ.സി പുനരുദ്ധാരണം പൊളിഞ്ഞു

കെ.സി.ജോണിനെ പുനരുദ്ധരിക്കാനുള്ള ശ്രമം പാളി. തമ്മിൽ തല്ലുന്നതിനിടയിൽ ഏവരും കെ.സിയുടെ കാര്യം മറന്നു. അതുകൊണ്ട് പുനരുദ്ധാരണ യോഗം ഒരു ചലനവുമുണ്ടാക്കാതെ കഴിഞ്ഞുപോയി.

സെപ്റ്റംബർ ആദ്യ ആഴ്ചയിൽ അമേരിക്കയിലെ അഗസ്റ്റായിലാണു യോഗം നടന്നത്. ഐ.പി.സിയുടെ ഒരു റീജിയന്റെ കൺവൻഷനാണ് കെ.സി പുനരുദ്ധാരണ മഹാമഹമായി നടത്താൻ ചില തല്പര കക്ഷികൾ ശ്രമിച്ചത്. അതിനുവേണ്ടി ചില ഗൂഢാലോചനകളൊക്കെ നടത്തുകയും ചെയ്തിരുന്നു. പക്ഷേ കെ.സിയുടെ പ്രീതി പിടിച്ചുപറ്റി സ്ഥാനമാനങ്ങൾ നേടിയെടുക്കാൻ പുനരുദ്ധാരണ വീരൻമാർ തമ്മിലടിച്ചതോടെ പദ്ധതി പൊളിഞ്ഞു. കെ.സി.ജോൺ പോയതുപോലെ തന്നെ മടങ്ങിയെത്തി.

പഴയ തഴമ്പിന്റെ ബലത്തിൽ രംഗത്തിറങ്ങിയ ചിലരാണ് കെ.സിയെ മറന്നു കളിച്ചത്. വല്യപ്പന്റെ അപ്പൻ സഭക്കു കൊടുത്തെന്ന് പറയപ്പെടുന്ന സ്ഥലത്തിന്റെ കഥ പറഞ്ഞാണ് ഒരു കുടുംബത്തിന്റെ പ്രകടനം. നേതാക്കൻമാരുടെ കുടുംബങ്ങളുമായി



വിവിധ തരത്തിലുള്ള ബന്ധം പറഞ്ഞ് വിലസിയവരുമുണ്ട്. എ.ജിക്കാരനെന്നും ഐ.പി.സിക്കാരനെന്നും തരംപോലെ പറയുന്ന ഒരു വിദ്വാനും രംഗത്തുണ്ടായിരുന്നു. ഈ ചങ്ങാതി പാസ്റ്ററാണോ അതോ വെറും വിശ്വാസി മാത്രമാണോ എന്നു തീർച്ചയായിട്ടുമില്ല.

ഇലക്ഷൻ നടത്താൻ ഈ വിശുദ്ധൻമാരെല്ലാം ഒത്തുകൂടിയപ്പോഴുള്ള പുകില് പറയാതിരിക്കുകയാണു ഭേദം. ഐ.പി.സിയുടെ ഭരണഘടനയനുസരിച്ചുള്ള ഇലക്ഷൻ വേണം നടത്താൻ എന്ന് ഒരുപക്ഷം വാദിച്ചു. അങ്ങനെ ഇലക്ഷൻ നടത്തിയാൽ പലർക്കും സ്ഥാനാർത്ഥിയാകാനോ വോട്ടു ചെയ്യാൻ പോലുമോ യോഗ്യതയുണ്ടാകില്ല. അനന്തമായി നീണ്ടുപോയ ചർച്ചകൾക്ക് അവസാനം കുറിച്ചുകൊണ്ട് തെരഞ്ഞെടുപ്പു നടന്നപ്പോൾ പല പ്രമുഖരും നിസ്സാര വോട്ടുകൾക്കു തോറ്റു. ബാക്കി കളി അടുത്ത തെരഞ്ഞെടുപ്പിൽ നടത്താം എന്നു തീരുമാനിച്ച് ഏവരും പിരിയുകയും ചെയ്തു.

ഈ യോഗത്തിൽ മാത്രം പ്രസംഗിക്കാൻ വേണ്ടിയാണ് കെ.സി.ജോൺ എന്ന ആത്മീയ ശവത്തെ അമേരിക്കയിലേക്കു കെട്ടിയെടുത്തത്. സ്ഥിരം പ്രസംഗങ്ങൾ നടത്തി കെ.സി. ജോൺ ജനത്തെ പരമാവധി ബോറടിപ്പിക്കുകയും ചെയ്തു. ഈ യോഗം കെ.സി. ജോണിന്റെ തിരിച്ചു വരവിനു കാരണമാകും എന്നു സ്വപ്നം കണ്ടിരുന്നവർ നിരാശരായി. എതിർസ്ഥാനാർത്ഥികളാരും ഇല്ലാതെ പോയതു കൊണ്ടുമാത്രം ഐ.പി.സിയുടെ പ്രസിഡന്റായി തുടരുന്ന കെ. സി.ജോൺ ആകെ തകർന്നിരിക്കുകയാണ്. സ്റ്റേറ്റ് ഇലക്ഷനിൽ കെ.സി ജോൺ പിൻതുണച്ച പക്ഷം പരാജയപ്പെടുകയും ചെയ്തു. ഇനി കെ.സിക്കു കഷ്ടകാലം തന്നെ.

## പകൽക്കാലം

ഇലക്ഷൻ കഴിഞ്ഞു....
ഇനി **കളക്ഷൻ** തുടങ്ങാം ...




## HOUSE PLOTS FOR SALE

**Two adjacent house plots (2700 Sq.F. each) at Horimav, BANGALORE, just opposite the Indian Pentecostal Church of God (IPC) Head quarters for immediate sale. Expected Price: Rs.1,500/- Sq.F. (Negotiable). Excellent for Pentecostal Families.**

**Contact: UAE: 00971- 50 6264908, 65733114**

**India: 0091- 9446114043.**

**johnygilead@gmail.com, sco@emirates.net.ae**

ദി ഡിഫെൻഡർ
Vol. No.12 Issue No.18 2009 September 16

# ജീവകാരുണ്യക്കാരെ നിയന്ത്രിച്ചേ മതിയാകൂ

ജീവകാരുണ്യക്കാരെ നിയന്ത്രിക്കണം എന്നു പറയുമ്പോൾ ഒരു തെറ്റിദ്ധാരണയുണ്ടാകുക സ്വാഭാവികം. ജീവകാരുണ്യ പ്രവർത്തകർ ചെയ്യുന്ന സേവനം മഹത്തരമല്ലേ, അവരെ നിയന്ത്രിക്കുന്നതുകൊണ്ടു ദോഷമല്ലേ ഉണ്ടാകൂ തുടങ്ങിയ ചോദ്യങ്ങളുമുണ്ടാകും. അതുകൊണ്ടു പറയട്ടെ, സത്യസന്ധമായ ജീവകാരുണ്യ പ്രവർത്തനം പ്രോത്സാഹിക്കപ്പെടേണ്ടതാണെന്നതിനു സംശയമില്ല. അതിനെതിരെയല്ല ഡിഫെൻഡർ പ്രതികരിക്കുന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരു പറഞ്ഞ് തട്ടിപ്പു നടത്തുന്ന സ്ഥാപനങ്ങൾ നിരവധിയുണ്ട്. അവയെ നിയന്ത്രിച്ചേ മതിയാകൂ.

ഒരു പണിയുമില്ലാതെ നടക്കുന്നവൻ ഒരു അനാഥശാലയോ വൃദ്ധസദനമോ തുടങ്ങുന്നു. എവിടെനിന്നെങ്കിലും കുറെ അന്തേവാസികളേയും കണ്ടെത്തും. ഭൂലോക വ്യാപകമായ പിരിവാണ് പിന്നീടു നടക്കുക. എത്ര രൂപ കിട്ടി, ഏതൊക്കെ വിധത്തിൽ ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളൊന്നും അറിയാൻ മാർഗ്ഗമില്ല. സംഭാവന കൊടുക്കുക മാത്രമാണ് പൊതുജനങ്ങളുടെ കടമ. ബാക്കിയെല്ലാം സംഘാടകരുടെ ഇഷ്ടം പോലെ നടക്കും. ഏതാനും വർഷം കൊണ്ടു സംഘാടകൻ സമ്പന്നനാകും. കൊട്ടാരം പോലുള്ള വീട്, ആഡംബര വാഹനം തുടങ്ങിയതൊക്കെയുണ്ടാകും. ഇതെല്ലാം ഉണ്ടാക്കിയത് ജീവകാരുണ്യത്തിന്റെ മറവിൽ.

കുഷ്ഠരോഗികൾക്കായി ശരണാലയം നടത്തുന്നു എന്നു പ്രചരിപ്പിച്ച് അമേരിക്കയിൽ പിരിവു നടത്തിയ ഒരു വിരുതനെ അറിയാം. പെന്തക്കോസ്ത് വിശ്വാസത്തിൽ വന്നതോടെ ഉപയോഗമില്ലാതായ 70 പവൻ ആഭരണങ്ങൾ ഒരു കുടുംബം കുഷ്ഠരോഗികളുടെ ശരണാലയത്തിനു സംഭാവന ചെയ്തു. അവധിക്കു നാട്ടിലെത്തിയപ്പോൾ അവർ ശരണാലയം കാണാനെത്തി. ജീവകാരുണ്യക്കാരൻ അവരെ കൊരട്ടി കുഷ്ഠരോഗാശുപത്രി കാണിക്കുകയും ചെയ്തു. ഈ വിധത്തിലുള്ളവരെ നിയന്ത്രിക്കാതെ പറ്റില്ല.

അനാഥാലയം, വൃദ്ധസദനം എന്നൊക്കെ കേൾക്കുമ്പോൾ ഇളകിപ്പോകുന്നവരാണ് ഈ കള്ളൻമാർക്കു തുണയാകുന്നത്. 4000 കോടി രൂപ മുതൽ മുടക്കുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങാൻ പോകുന്നു എന്നു ദേവസ്യ മുല്ലക്കര പറഞ്ഞപ്പോൾ പണം വാരിക്കൊടുത്തവർ ഗുണത്തേക്കാളേറെ ദോഷമാണു ചെയ്തത്. തട്ടിപ്പു കാണിക്കുന്നവരോടു ദൈവം ചോദിക്കട്ടെ എന്നാണു പലരും പറയുന്നത്. പക്ഷേ കൈയ്യിലിരിക്കുന്ന പണം ഈ കള്ളൻമാർക്കു കൊടുത്തിട്ട് ദൈവത്തെക്കൊണ്ടു ചോദിപ്പിക്കുന്നതിന്റെ പൊരുൾ എത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ല.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**OR www.tsbalan.org**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**
ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

എല്ലാവരും പോലീസായാൽ എന്താകും സ്ഥിതി? കേരളം ഇപ്പോൾ ഈ സ്ഥിതിയിലാണ്. മാധ്യമങ്ങളും രാഷ്ട്രീയ പാർട്ടികളും സാധാരണക്കാരും എല്ലാം കേസ്സ് അന്വേഷണത്തിലാണ്. കത്തിയുടെ രൂപം, ഭാവം തുടങ്ങിയവ മുതൽ ഫോറൻസിക് സയൻസ് വരെയുള്ള മേഖലകളിൽ ഏവരും വിളയാടുകയാണ്. മാവേലി നാടു വാണിരുന്ന കാലത്തു മാത്രമല്ല എന്നും കേരളത്തിൽ മാനുഷർ ഒന്നുപോലെ പോലീസായിരിക്കുന്നു. ഇതിനൊക്കെയല്ലേ സാർ സോഷ്യലിസമെന്നു പറയുന്നത്!

പ്രതിക്കു ശിക്ഷ വാങ്ങിക്കൊടുക്കാൻ പോലീസ് തൊണ്ടി സൃഷ്ടിക്കുന്നത് സ്ഥിരം പരിപാടിയാണെന്ന് ഭരണകക്ഷിയുടെ ഒരു പ്രമുഖ നേതാവു പറയുന്നു. അത്രയും സത്യമെങ്കിലും പറഞ്ഞതിനു നന്ദി. തൊണ്ടി സൃഷ്ടിക്കൽ ആക്ട് എന്നൊരു നിയമം ഉണ്ടാക്കാനുള്ള സാദ്ധ്യത ആരായണം. മേല്പടി നേതാവിനെ ഈ വകുപ്പിന്റെ മന്ത്രിയാക്കാവുന്നതാണ്. പ്രതിപക്ഷത്തുള്ളവരെയൊക്കെ കള്ളക്കേസ്സുകളിൽ പ്രതികളാക്കാനും തൊണ്ടി ഹാജരാക്കി ശിക്ഷ ഉറപ്പാക്കാനും എളുപ്പമാകും. സെക്രട്ടറി പറഞ്ഞതുപോലെ, മാധ്യമങ്ങൾക്കെതിരേയും അന്വേഷണം നടത്താം. അസുഖകരമായ വാർത്തകൾ കൊടുക്കുന്ന മാധ്യമങ്ങളെയെല്ലാം നിലക്കു നിർത്താം. കുശാൽ.

ഈയിടെയായി പുത്രൻജിയേക്കുറിച്ച് ആരും മിണ്ടുന്നില്ല. പുത്രൻജിയും വായ് തുറക്കുന്നില്ല. ഇതെന്തു മറിമായം? ഇങ്ങനെ പോയാൽ കൗതുകവാർത്ത എന്നൊരു ഐറ്റം തന്നെ ഇല്ലാതായേക്കാം. അതു പാടില്ല. പുത്രൻജി എത്രയും വേഗം വായ് തുറക്കണം. ഉലകത്തു നടത്തുന്ന സകലതിനേക്കുറിച്ചും അഭിപ്രായം പറയണം. മറ്റുള്ളവർ അത് ഏറ്റു പിടിച്ചുകൊള്ളും.

ഒരു പാർട്ടിയിലും അംഗത്വമില്ലാതായതാണു പുത്രന്റെ ദു:ഖമെങ്കിൽ പി.സി.ജോർജിന് മുന്നണിയില്ലാതായതാണു പ്രശ്നം. പഞ്ചായത്തു തെരഞ്ഞെടുപ്പു വരുന്നു. അസംബ്ലി തെരഞ്ഞെടുപ്പും ദൂരെയല്ല. എങ്ങനെയെങ്കിലും യു.ഡി.എഫിൽ കയറിപ്പറ്റിയേ മതിയാകൂ. പക്ഷേ നിലവിലുള്ള അസംഖ്യം കേരള കോൺഗ്രസ്സുകളുടെ കൂട്ടത്തിൽ ഇനി ഒരു പ്ലസ് വൺ വേണ്ട എന്ന നിലപാടാണു കോൺഗ്രസ്സിന്. പി.സി.ജോർജ് ഏതെങ്കിലും കേരള കോൺഗ്രസ്സിൽ ലയിക്കുന്നതിൽ കോൺഗ്രസ്സിനു വിരോധമില്ല. അതുകൊണ്ട്, ‘എന്നെ ഒന്നു ലയിപ്പിക്കൂ’ എന്ന പ്രാർത്ഥനയുമായി ഊരു ചുറ്റുകയാണ് പി.സി. ജോർജ്. മാണിക്ക് അരമനസ്സ് ആയിട്ടുമുണ്ട്. ലയനം എന്ന അത്യപൂർവ്വ സംഭവം നടന്നുകൂടായ്കയില്ല. അത്ഭുതങ്ങളുടെ കാലം അവസാനിച്ചിട്ടില്ലല്ലോ.

വരുന്നൂ ചാട്ട, അതായതു വിപ്പ്. മന്ത്രിയും മുൻമന്ത്രിയും കുഴയുന്ന ലക്ഷണമുണ്ട്. മന്ത്രിക്ക് സർക്കാരിനെതിരെ വോട്ടു ചെയ്യാൻ പറ്റുമോ? പക്ഷേ എതിർത്ത് വോട്ടു ചെയ്തില്ലെങ്കിൽ കൂറുമാറ്റപ്രശ്നമുണ്ടാകും. ഒരു പോംവഴിയേ മിച്ചമുള്ളൂ: വിപ്പ് ലംഘിക്കുക. അപ്പോൾ അയോഗ്യതയുണ്ടാകില്ലേ? ഉണ്ടാകേണ്ടതാണ്. പക്ഷേ തീരുമാനമെടുക്കേണ്ടതു സ്പീക്കറാണ്. സാങ്കേതികമായി പറഞ്ഞാൽ സ്പീക്കർ ഒരു പാർട്ടിയിലും അംഗമല്ല, തികച്ചും നിഷ്പക്ഷനാണ്. പക്ഷേ സ്പീക്കർ ഭരണകക്ഷിക്കാരനായിരിക്കുമെന്നു വ്യക്തം. ആകയാൽ ഭരണകക്ഷിയെ സഹായിക്കാതിരിക്കാൻ സ്പീക്കർക്കു കഴിയുന്നതല്ല. അതുകൊണ്ട് അനുകൂലമായ തീരുമാനം എടുപ്പിക്കാം. അതിനു കഴിഞ്ഞില്ലെങ്കിൽ തീരുമാനം അനന്തമായി നീട്ടിവയ്പ്പിച്ച് കാലാവധി പൂർത്തിയാക്കാം. ഇതിൽ ഏതു തന്ത്രമാണ് പയറ്റാൻ പോകുന്നതെന്നു നിശ്ചയമില്ല.

വഴിയാത്രക്കാരന്റെ തലയിലൂടെ ബസ്സ് ഓടിക്കുക, കല്യാണസദ്യക്കിടയിലേക്കു വാഹനം ഓടിച്ചു കയറ്റുക, സ്ക്കൂൾ കുട്ടികളുടെ മുകളിലൂടെ വണ്ടിയോടിക്കുക തുടങ്ങിയതൊക്കെ കേരളത്തിൽ വാർത്തയല്ലാതായിരിക്കുന്നു. ഡ്രൈവിംഗ് ലൈസൻസ് എന്നതു കൊല്ലാനുള്ള അധികാരപത്രമായി മാറിയ മട്ടുണ്ട്. അമ്മയെ തല്ലിയാലും രണ്ടു പക്ഷം എന്നു പറഞ്ഞതുപോലെ ഈ വിഷയത്തിലും രണ്ടു പക്ഷം ഉണ്ടാകുകയും ചെയ്തു. വണ്ടി ഓടിക്കുന്നവനെ കുറ്റം പറയാനാവില്ലെന്നും കുറ്റം പറയണമെന്നു നിർബ്ബന്ധമുള്ളവർ റോഡിനെ കുറ്റം പറഞ്ഞുകൊള്ളൂ എന്നുമാണ് ചിലരുടെ വാദം. ഇക്കണക്കിനു പോയാൽ അപകടമുണ്ടാക്കിയ വാഹനത്തിന്റെ ഡ്രൈവറെ വെറുതെ വിടുകയും വാഹനത്തെ ശിക്ഷിക്കയും ചെയ്തേക്കാം.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

ഒരു പട്ടണമോ ഗൃഹമോ തന്നിൽത്തന്നേ ഛിദ്രിച്ചു എങ്കിൽ നിലനില്ക്കുകയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ അവൻ തന്നിൽത്തന്നേ ഛിദ്രിച്ചു പോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനില്ക്കും? ഞാൻ ബെയെത്സെബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ മക്കൾ ആരെക്കൊണ്ടു പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങൾക്കു ന്യായാധിപൻമാർ ആകും. ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു; സ്പഷ്ടം. ബലവാനെ പിടിച്ചു കെട്ടിയിട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പു കവർന്നുകളയുവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം. (മത്താ. 12:26-29)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# എരുമച്ചാണകം തളിക്കൂ രാജാ

അമേരിക്കയിൽ എരുമച്ചാണകം കിട്ടുമോ? അമേരിക്കയിൽ എരുമയുണ്ടെങ്കിൽ എരുമച്ചാണകവും കിട്ടും. എന്തിനാണ് ഇപ്പോൾ ഇങ്ങനെയൊരു സംശയം ചോദിക്കുന്നതെന്നാണെങ്കിൽ അല്പം ക്ഷമിക്കൂ, എല്ലാം വിശദമായി പറയാം.

അഗസ്റ്റായിൽ നടന്ന ഐ.പി.സി കൺവൻഷനിലെ പ്രസംഗകരിൽ ഒരാളായിരുന്നല്ലോ ചുമ്മാ ഡോ കെ.സി.ജോൺ. ഈ വിശുദ്ധനെ വീട്ടിൽ കയറ്റാൻ കൊള്ളാത്തതുകൊണ്ട് ഒരു ഹോട്ടലിൽ താമസിപ്പിക്കാനായിരുന്നു പദ്ധതി. കെ.സി.ജോൺ എത്തുന്നതിനു മുൻപു തന്നെ സംഘാടകർ ഹോട്ടൽ മുറി ബുക്ക് ചെയ്തിരുന്നു. വിശുദ്ധൻ എത്തിയപ്പോൾ ഹോട്ടൽ മുറിയിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു.

അങ്ങനെയിരിക്കുമ്പോൾ സംഘാടകരിൽ ഒരാൾക്ക് ഒരു ബുദ്ധിയുദിച്ചു: വിശുദ്ധന് അതിഥിസൽക്കാരം ചെയ്ത് അല്പം പുണ്യം നേടാൻ ഇതുതന്നെ അവസരം. ആരാണ് ഈ പുണ്യമോഹിയെന്നറിയാമോ? പാസ്റ്റർ എം.വി.വർഗീസിന്റെ മകൻ രാജൻ. കൺവൻഷൻ നടക്കുന്ന പട്ടണത്തിൽത്തന്നെയാണു താമസം. അങ്ങനെ കെ.സി. ജോണിനെ രാജൻ ഹോട്ടൽ മുറിയിൽ നിന്നു വിളിച്ചുകൊണ്ടുപോയി സ്വന്തം വീട്ടിൽ താമസിപ്പിച്ചു പുണ്യം നേടി. കെ.സി.ജോണിന്റെ സകല വിക്രിയകളും നേരിട്ടറിയാവുന്ന എം.വി.വർഗീസിന്റെ മകൻ എന്തുകൊണ്ട് ഇങ്ങനെ ചെയ്തു? അറിഞ്ഞുകൂടാ. എന്തൊക്കെയോ ലക്ഷ്യങ്ങൾ ഈ അതിഥി സത്ക്കാരത്തിന്റെ പിന്നിലുണ്ടെന്നു വ്യക്തം. അതെന്തുതന്നെ ആയാലും രാജൻ എത്രയും വേഗം ഒരു കാര്യം ചെയ്യണം. കുറെ എരുമച്ചാണകം സംഘടിപ്പിക്കുക. അതിൽ കുറെ വെള്ളമൊഴിച്ചു നന്നായി കലക്കുക. ഈ ദ്രാവകം കെ.സി. ജോൺ കിടന്ന മുറിയിലും ഇരുന്ന കസേരകളിലും സഞ്ചരിച്ച കാറിലും മറ്റും നന്നായി തളിച്ച് ശുദ്ധി വരുത്തുക.

# അവറാൻ മടങ്ങുന്നു



അവറാൻ അമേരിക്കയിൽ നിന്നു മടങ്ങുന്നു. മടങ്ങുന്നു എന്ന വാക്ക് അന്വർത്ഥമാണ്. കാരണം, ശരിക്കും ഒടിഞ്ഞു മടങ്ങിയാണു തിരിച്ചു വരുന്നത്.

ഒട്ടേറെ സ്വപ്നങ്ങളുമായാണ് അവറാൻ അമേരിക്കയിലേക്കു പറന്നത്. അമേരിക്ക മുഴുവൻ ചുറ്റിക്കറങ്ങാം. ഇന്ത്യയിലെ ബില്ലിഗ്രഹാമെന്ന നിലയ്ക്ക് നൂറു കണക്കിനു പ്രോഗ്രാം കിട്ടും. കൈ നിറയെ ഡോളർ, പഞ്ച നക്ഷത്ര സൗകര്യത്തിലുള്ള താമസവും ഭക്ഷണവും. കണവന്റെ മഹത്വം നേരിൽ കണ്ട് മണവാട്ടി വണ്ടറടിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ ഭാര്യാസമേതനായി അവറാൻ അമേരിക്കയിൽ ലാന്റ് ചെയ്തു.

അമേരിക്കയിലെത്തിയപ്പോഴാണ് അവറാന് ഒരു കാര്യം മനസ്സിലായത്: ഡിഫെൻഡർ വായിക്കാത്ത പെന്തക്കോസ്തുകാർ അമേരിക്കയിൽ ഏറെയില്ല. അവറാന്റെ വികൃതികൾ അമേരിക്കയിൽ പാട്ടാണ്. അവറാന്റെ പ്രസംഗം യൂട്യൂബിൽ കേട്ടാണ് അമേരിക്കൻ പെന്തക്കോസ്തുകാർ മനസ്സറിഞ്ഞു ചിരിക്കുന്നത്. ഡിഫെൻഡറിന് ഇത്രയധികം സ്വാധീനം അമേരിക്കയിലുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ ഇറങ്ങിപ്പുറപ്പെടില്ലായിരുന്നു. ഏതാനും ആഴ്ച കഴിഞ്ഞപ്പോൾ ഭാര്യയെ മടക്കി അയച്ചു. സ്ക്കൂൾ തുറന്നതുകൊണ്ടാണു മടക്കിയയച്ചത് എന്നൊരു കാരണവും പറഞ്ഞു. സ്ക്കൂൾ തുറന്നശേഷമാണ് ഇവർ അമേരിക്കയിലേക്കു പോയതെന്ന് മിക്കവർക്കും അറിയില്ലല്ലോ. ഒറ്റക്കു നിന്നിട്ടും അവറാനു പ്രോഗ്രാം കിട്ടിയില്ല. അതുകൊണ്ട് ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞ് അവറാൻ ഇന്ത്യയിലേക്കു മടങ്ങുകയാണ്. (വേറെ വഴിയില്ലല്ലോ.)



# വിവരക്കേടു പറയാതെ ദാസേ

മിറക്കിൾ ന്യൂസിന്റെ ആഗസ്റ്റ് 15 ലക്കം നാലാം പേജിൽ ''സൗമ്യതയുടെ അപ്പോസ്തലന് ദൈവം നൽകിയ ബഹുമതി'' എന്ന തലക്കെട്ടിൽ ഒരു അഭിമുഖ സംഭാഷണമുണ്ടായിരുന്നു. ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫിലിപ്പ് പി. തോമസിനെയാണ് സൗമ്യതയുടെ അപ്പോസ്തലനായി അവതരിപ്പിച്ചിരിക്കുന്നത്. ഫിലിപ്പ് പി. തോമസ് സൗമ്യനാണോ, അപ്പോസ്തലനാണോ തുടങ്ങിയ വിഷയങ്ങളിലേക്കു കടക്കുന്നില്ല. പക്ഷേ അദ്ദേഹത്തെ ഐ.പി.സിയുടെ സെക്രട്ടറിയാക്കിയതു ദൈവമാണെന്നു പറയുന്നതു ശുദ്ധ വിവരക്കേടാണ്. ഹിറ്റ്ലർ, മുസ്സോളിനി, ഈദി അമീൻ തുടങ്ങിയ രാഷ്ട്രനേതാക്കളേയും നാരായണപ്പണിക്കർ, വെള്ളാപ്പള്ളി നടേശൻ തുടങ്ങിയ സമുദായ നേതാക്കളേയും വരെ ആ പദവികളിൽ ഇരുത്തിയതു ദൈവമാണെന്നു പറയുന്ന അർത്ഥത്തിലാണു ഫിലിപ്പ് പി. തോമസിന്റെ കാര്യവും ദാസ് പറഞ്ഞതെങ്കിൽ കുഴപ്പമില്ല. പക്ഷേ ഐ.പി.സി എന്നതു ദൈവസഭയാണെന്നും ദൈവസഭയുടെ നേതൃസ്ഥാനത്തു ഫിലിപ്പ് പി. തോമസിനെ കൊണ്ടുവന്നതു ദൈവമാണെന്നും ഉള്ള അർത്ഥത്തിലാണ് എഴുതിയതെങ്കിൽ ദാസിനു തെറ്റി. ഐ.പി.സി എന്നതു ദൈവസഭയല്ല, വെറും ചാരിറ്റബിൾ സൊസൈറ്റി മാത്രമാണ്. ഫിലിപ്പ് പി. തോമസ് സ്റ്റേറ്റ് സെക്രട്ടറിയായത് എം.പി. ജോർജുകുട്ടിക്കു കിട്ടിയതിലധികം വോട്ടു കിട്ടിയതുകൊണ്ടാണ്. മാത്രമല്ല ചാരിറ്റബിൾ സൊസൈറ്റിക്കു സെക്രട്ടറിയെ ഉണ്ടാക്കലല്ല ദൈവത്തിന്റെ പണി.

# കൂട്ടക്ഷരവൈരി പത്രമിറക്കിയാൽ



ഏതു കൂട്ടക്ഷര വൈരിക്കും പത്രമിറക്കാം എന്നതാണ് പെന്തക്കോസ്തിലെ സ്ഥിതി. ചുമ്മാ ഡോ. റവ. ഷാജി സുകുമാരന്റെ പത്രം തന്നെ നല്ല ഉദാഹരണം. ഈ പത്രത്തിൽ കണ്ട രണ്ടു തലക്കെട്ടുകൾ ഇതാ:

1. ''പ്രധമസ്ഥാനം ദൈവത്തിനു മാത്രം''. പ്രധമം എന്നൊരു വാക്ക് എവിടുന്നു കിട്ടിയെന്നറിഞ്ഞുകൂടാ. ആരാണ് ഇതെഴുതിയത്? ''പ്രതിബിംബം പാസ്റ്റർ അജി ഡേവിഡ് വെട്ടിയാർ''. ഏതായാലും 'പ്രതിബിംബം പാസ്റ്റർ' എന്നൊരുതരം പാസ്റ്ററുണ്ടെന്ന് അറിയിച്ചതിനു നന്ദി.
2. ''നേപ്പാൾ സുവിശേഷീകരണത്തിന് ഭാഗവാക്കായി ജീസസ് ഫിലിമും'' എന്നതാണ് മറ്റൊരു തലക്കെട്ട്. ഭാഗവാക്ക് എന്നൊരു വാക്കുണ്ടോ മാളോരേ!

തലക്കെട്ടുകളുടെ സ്ഥിതി ഇതാണെങ്കിൽ ബാക്കിയുള്ളതൊക്കെ എങ്ങനെയായിരിക്കും എന്നു പറയേണ്ടതില്ലല്ലോ.

# കാഞ്ഞിരമണ്ണിൽ കയ്പ്പറിഞ്ഞു




വിളിക്കാത്തിടത്ത് ഉണ്ണാൻ ചെന്നാൽ എന്തു സംഭവിക്കും? എന്തും സംഭവിക്കാം. സംശയമുള്ളവർ മോഹൻ കാഞ്ഞിരമണ്ണിൽ എന്ന ഗായകനോടു ചോദിച്ചാൽ മതി. സംഭവം ചുരുക്കിപ്പറയാം.

അമേരിക്കയിലെ അഗസ്റ്റായിൽ ഈയിടെ നടന്ന ഐ.പി.സി കൺവൻഷനിൽ മോഹനും പങ്കെടുത്തു. അതിൽ തെറ്റൊന്നുമില്ല. പക്ഷേ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി ഐ.പി.സിക്കാർ ഒത്തുകൂടിയപ്പോൾ ഈ ഗായകനും ഹാജരായി. അതു പലർക്കും ഇഷ്ടമായില്ല. ഐ.പി.സിക്കാരല്ലാത്തവർ പുറത്തിറങ്ങണം എന്നു സംഘാടകർ ആവശ്യപ്പെട്ടിട്ടും ഗായകൻ അനങ്ങിയില്ല. ഒടുവിൽ ഗായകനെ പേരു പറഞ്ഞു വിളിച്ചു. അതോടെ ഗായകൻ ചൂടായി. താനും ഐ.പി.സിക്കാരനാണെന്നു വാദിക്കയും ചെയ്തു. ഏത് ഐ.പി.സി സഭയിലാണ് അംഗത്വം എന്നു ചോദിച്ചപ്പോൾ ഉത്തരമുണ്ടായില്ല. കാരണം, ഐ.പി.സിയുമായി ബന്ധമില്ലാത്ത ഒരു സഭയിലെ അംഗമാണിദ്ദേഹം. ചരിത്രാതീത കാലത്ത് താനും ഐ.പി.സിയിൽ അംഗമായിരുന്നു എന്നായി പിന്നീടുള്ള വാദം. ഏതായാലും ഈ വിദ്യ ഫലിച്ചില്ല. ഗായകൻ പുറത്തുപോകേണ്ടതായിവന്നു.

കഴിഞ്ഞ ചർച്ച് ഓഫ് ഗോഡ് –കേരള സ്റ്റേറ്റ്– കൺവൻഷനിൽ ഒന്നാംതരം ചർച്ച് ഓഫ് ഗോഡുകാരനായി മോഹൻ ശോഭിച്ചതാണ്. അന്നു പുറത്തിറക്കിയ സി.ഡിയുടെ കവർ ചിത്രമാണു മുകളിൽ കാണുന്നത്. http://www.youtube.com/watch?v=B6r-cCh-bPo എന്ന യൂട്യൂബ് ലിങ്കിൽ ഒന്നാംതരം എ.ജിക്കാരനായി മോഹൻ നിൽക്കുന്ന കാഴ്ചയും കാണാം. ഇനി പറയൂ: മോഹൻ ഏതു സഭക്കാരനാണ്?



# ടി.ജെ.ശാമുവലിനു തെറ്റിയതെവിടെ?

തെറ്റിൽ നിന്നു കൂടുതൽ തെറ്റിലേക്ക് അനുദിനം യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ഒരു പെന്തക്കോസ്ത് നേതാവാണു ടി.ജെ.ശാമുവൽ. എങ്ങനെ ഈ മനുഷ്യൻ ഈ സ്ഥിതിയിലെത്തി? നേതാക്കൻമാരെ ബാധിക്കുന്ന ചില ആത്മീയ രോഗങ്ങളാണ് ടി.ജെ.ശാമുവലിനു വിനയായത്. വിശദീകരിക്കാം.

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളെല്ലാം ദൈവമുൻപാകെ തുല്യരാണ്, തുല്യ പ്രാധാന്യമുള്ളവരാണ്. എല്ലാവരേയും ദൈവം ഒന്നുപോലെ സ്നേഹിക്കുന്നു. പക്ഷേ താൻ എന്തോ പ്രത്യേകതയുള്ളവനാണെന്നും മറ്റു മനുഷ്യരേക്കാൾ ശ്രേഷ്ഠനാണെന്നും മറ്റും തെറ്റിദ്ധരിക്കുന്നവരുണ്ട്. ചില പ്രവാചകൻമാർ ഇത്തരത്തിലുള്ള പ്രവചനങ്ങൾ നടത്താറുമുണ്ട്. മുഖസ്തുതി പറഞ്ഞു സാമ്പത്തിക ലാഭമുണ്ടാക്കുകയാണ് ഇത്തരം പ്രവാചകൻമാരുടെ ലക്ഷ്യം. പക്ഷേ ഇങ്ങനെയുള്ള പ്രവചനങ്ങളെ പലരും മുഖവിലയ്ക്കെടുക്കുന്നതോടെ പ്രശ്നം ആരംഭിക്കും. താൻ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠനാണെന്നും തന്നിൽക്കൂടിയാണ് ദൈവം ഇനി ലോകത്തെ രക്ഷിക്കാൻ പോകുന്നതെന്നും ഇവർ ധരിച്ചുപോകുന്നു. തികഞ്ഞ അഹങ്കാരത്തോടെയുള്ള പ്രവർത്തനങ്ങളാകും പിന്നീട് ഇത്തരക്കാരിൽനിന്ന് ഉണ്ടാകുക. ഇങ്ങനെയുള്ള ഒരു മാനസിക സ്ഥിതിയിലാണ് ഇപ്പോൾ ടി.ജെ.ശാമുവൽ.

മറ്റുള്ളവരുടെ അടിമകളായിരിക്കുന്നതിലൂടെ ആനന്ദം അനുഭവിക്കുന്ന ചില മനുഷ്യരുണ്ട്. അവർക്ക് എല്ലായ്പ്പോഴും ഒന്നോ അതിലധികമോ യജമാനൻമാർ വേണം. യജമാനന്റെ മഹത്വം വാഴ്ത്തിപ്പാടി നിർവൃതിയടയുന്നവരാണിവർ. യജമാനൻ തങ്ങളോട് എത്ര ക്രൂരമായി പെരുമാറിയാലും ഇത്തരക്കാർക്കു വിരോധമില്ല. ഇങ്ങനെയുള്ളവർ പെന്തക്കോസ്തിലുമുണ്ട്. ടി.ജെ.ശാമുവലെന്ന യജമാനന്റെ മുന്നിൽ വായും പൊത്തി നിൽക്കുക, യജമാനൻ ശകാരിക്കുമ്പോൾ കൂടുതൽ സ്നേഹം പ്രകടിപ്പിക്കുക തുടങ്ങിയതൊക്കെ ഇവർ ചെയ്യുന്നു. ടി.ജെ.ശാമുവലിനേപ്പോലുള്ളവരുടെ അഹങ്കാരം വർദ്ധിക്കാൻ ഇങ്ങനെയുള്ളവരുടെ പെരുമാറ്റം കാരണമാകുന്നു. ''പോടാ ഗ്രാസേ'' എന്നു മുഖത്തുനോക്കി പറയാൻ ധൈര്യമുള്ള ഒരാളെങ്കിലും എക്സിക്യൂട്ടീവ് കമ്മറ്റിയിലോ പ്രസ്ബിറ്ററിയിലോ ഉണ്ടായിരുന്നെങ്കിൽ ടി.ജെ.ശാമുവൽ ഇത്ര വഷളാകുമായിരുന്നില്ല.



താൻ ദൈവത്തിന്റെ സ്വന്തം പുള്ളിയാണ് എന്ന ധാരണ ബലപ്പെടുന്നതോടെ അപ്രമാദിത്വം എന്ന രോഗമുണ്ടാകുന്നു. തനിക്കു തെറ്റു പറ്റുകയില്ല എന്ന ചിന്തയാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണം. താൻ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനാണെന്നും തനിക്കു ശരിയെന്നു തോന്നുന്നതൊക്കെ ദൈവത്തിന് ഇഷ്ടമാണെന്നും ഉള്ള ധാരണയുണ്ടാകുന്നു. തന്റെ ഹൃദയത്തിൽ തോന്നുന്നതെല്ലാം ദൈവാലോചനയാണെന്നുകൂടി തെറ്റിദ്ധരിക്കുന്നതോടെ പ്രശ്നം ഗുരുതരമാകും. എന്തെങ്കിലുമൊക്കെ തോന്ന്യാസങ്ങൾ കാട്ടിക്കൂട്ടിയിട്ട് അതെല്ലാം താൻ ദൈവാലോചന പ്രകാരം ചെയ്തതാണെന്നു പ്രഖ്യാപിക്കും. യജമാനഭക്തരായ മക്കുണൻമാർ പിൻതുണയുമായി രംഗത്തെത്തും. അതോടെ നേതാവിനു സന്തോഷമാകും. തന്നെ എതിർക്കുന്നവരെല്ലാം ദൈവത്തിന്റെ ശത്രുക്കളാണെന്നുപോലും നേതാവു ധരിക്കും. വിശുദ്ധ ടി.ജെ.ശാമുവൽ ഇപ്പോൾ ഈ സ്ഥിതിയിലാണ്.

2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകും എന്നു ടി.ജെ.ശാമുവലിനു തോന്നി. താൻ ദൈവത്തിന്റെ സ്വന്തം ആളായതുകൊണ്ട് ഇതു വെറും തോന്നലല്ല ദൈവാലോചനയാണെന്ന് ഇയാൾ ധരിച്ചിരിക്കുന്നു. അങ്ങനെ ഈ 'ദൈവാലോചന' പ്രസംഗിക്കാൻ തുടങ്ങി. കുറെ വിഡ്ഢികൾ അത് ഏറ്റുപാടി. പക്ഷേ പ്രതീക്ഷിച്ചത്ര ജനപിൻതുണ ഈ ഭോഷ്ക്കിനു കിട്ടിയില്ല. അങ്ങനെയിരിക്കുമ്പോഴാണ് ആഞ്ജലിക്ക എന്ന മഠത്തിലമ്മ ഇതിനോടു സാമ്യമുള്ള വെളിച്ചപ്പാടുമായി എത്തിയത്. അതോടെ ടി.ജെ.ശാമുവലിന് ആവേശമായി. പക്ഷേ ആഞ്ജലിക്കയുടെ ഭോഷ്ക്കു വിശ്വസിക്കാൻ ഏറെപ്പേരേയൊന്നും കിട്ടിയില്ല. അതുകൊണ്ട് ടി.ജെയുടെ പ്രവചനവും ശോഭിക്കുന്നില്ല.

ഇന്ത്യയിലെ സാത്താനെ പിടിച്ചുകെട്ടിയാൽ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകും എന്നൊരു ധാരണ ടി.ജെയക്കുണ്ടായി. ഉടൻ ഡൽഹിക്കു വണ്ടികയറി. (ഇന്ത്യയിലെ പ്രമുഖ ചെകുത്താന്റെ ഇരിപ്പിടം ഡൽഹിയിലാണത്രേ). ഡൽഹിയിൽ പോയിരുന്ന് ഉപവസിക്കയും അത്യുഗ്രമായി ശാസിക്കുകയും മറ്റും ചെയ്തു. സാത്താനെ ബന്ധിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യയിലെ ചെകുത്താൻ അതോടെ ബന്ധനത്തിലായി എന്നാണ് ഈ പമ്പരവിഡ്ഢി ധരിച്ചുവച്ചിരിക്കുന്നത്. ഈയിടെ ഈ വിദ്വാൻ ഗൾഫിലെ ചെകുത്താനേയും ബന്ധിച്ചു.

അപ്രമാദിത്വം കൂടാതെ അനിവാര്യത എന്നൊരു രോഗവും നേതാക്കൻമാർക്കുണ്ടാകും. താൻ ഇല്ലെങ്കിൽ ദൈവം കരഞ്ഞിപ്പോകും എന്ന ചിന്തയാണത്. നേതാവായി താൻ ഉള്ളതുകൊണ്ടാണ് കാര്യങ്ങളെല്ലാം ഇങ്ങനെ നന്നായി പോകുന്നതെന്നും താൻ ഇല്ലാതായാൽ എല്ലാം തകിടം മറിയുമെന്നും നേതാവു ധരിക്കുന്നു. തന്നെ നേതൃസ്ഥാനത്തുനിന്നു നീക്കാൻ ശ്രമിക്കുന്നവർ ദൈവത്തിന്റെ ശത്രുക്കളാണെന്നുവരെ ഇക്കൂട്ടർ ധരിച്ചുപോകുന്നു. ഈ രോഗം ടി.ജെ.ശാമുവലിനേയും ബാധിച്ചിട്ടുണ്ട്. അതിന്റെ ഫലമാണ് ഇപ്പോൾ ഏവരും കാണുന്നത്. ഈ സ്ഥിതി തുടർന്നാൽ ഏറെ താമസിയാതെ ടി.ജെ.ശാമുവലിനെ ഊളമ്പാറയിൽ എത്തിക്കേണ്ടതായി വരും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ടി.ജെ.ശാമുവൽ ഈയിടെ ഗൾഫിൽ എത്തി ആത്മീയ പോരാട്ടത്തേക്കുറിച്ചു പഠിപ്പിച്ചു. ബലവാനെ പിടിച്ചുകെട്ടുക എന്നതായിരുന്നു പ്രധാന വിഷയം. ഈ സിദ്ധാന്തം ദൈവവചനത്തിനു നിരക്കുന്നതാണോ?

■ വെളിപ്പാടു പുസ്തകം, ആത്മീയ പോരാട്ടം എന്നീ വിഷയങ്ങളേക്കുറിച്ച് കുറെ വികലമായ പഠിപ്പിക്കലുകൾ നടത്തി സാധാരണക്കാരെ വണ്ടറടിപ്പിക്കാൻ ടി.ജെ.ശാമുവലിനു കഴിയുന്നുണ്ട് എന്നതു ശരിതന്നെ. പക്ഷേ ദൈവ വചനത്തിൽ കാര്യമായ പാണ്ഡിത്യമൊന്നുമുള്ള വ്യക്തിയല്ല ഇയാൾ. രാഷ്ട്രീയക്കളിയിലൂടെ എ.ജിയുടെ തലപ്പത്തെത്തിയതുകൊണ്ടുമാത്രം വചനപണ്ഡിതനാകാൻ പറ്റില്ലല്ലോ.

ആത്മീയ പോരാട്ടം എന്നൊന്നുണ്ടോ എന്നതാണ് ആദ്യത്തെ പ്രശ്നം. ഉണ്ട് എന്നു ദൈവവചനം പറയുന്നു: ''നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.'' എഫേ. 6:12. സാത്താനുമായുള്ള യുദ്ധത്തേക്കുറിച്ചാണു പറയുന്നതെന്ന് ഇതിനു മുൻപും ശേഷവുമുള്ള വാക്യങ്ങൾ വായിച്ചാൽ മനസ്സിലാകും. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുവേണം സാത്താനോടു പോരാടുവാൻ എന്നും പൗലോസ് പറയുന്നു. അതുകൊണ്ട് ആത്മീയ പോരാട്ടം - സാത്താനുമായുള്ള പോരാട്ടം - ഉണ്ട് എന്നു വ്യക്തം.

ബലവാനെ പിടിച്ചു കെട്ടുക എന്നതാണ് അടുത്ത പ്രശ്നം. ബലവാൻ എന്നതുകൊണ്ട് സാത്താൻ എന്നുതന്നെയാണ് കർത്താവ് അർത്ഥമാക്കിയത്. ബലവാനായ ഒരു വ്യക്തി ഉണർന്നിരിക്കുമ്പോൾ അവന്റെ വസ്തുവകകൾ കൊള്ളയടിക്കാൻ പറ്റില്ല. പക്ഷേ അവൻ ഉറങ്ങുകയാണെങ്കിൽ കാര്യം എളുപ്പമാകും. സാത്താൻ ഉറങ്ങുന്നവനല്ലല്ലോ. അതുകൊണ്ട് ഒരു പോംവഴി മാത്രമേ അവശേഷിക്കുന്നുള്ളു: ബലവാനെ പിടിച്ചു കെട്ടിയശേഷം അവന്റെ വസ്തുവകകൾ തട്ടിയെടുക്കുക. സുവിശേഷകർ ചെയ്യുന്നതും ചെയ്യേണ്ടതും ഇതാണ്.

പിടിച്ചു കെട്ടുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? അക്ഷരാർത്ഥത്തിൽ പിടിച്ചുകെട്ടുന്നതിനേക്കുറിച്ച് പറയാൻ ഈ വാക്ക് ഉപയോഗിക്കാം. പക്ഷേ ഈ അർത്ഥമാണോ ഇവിടെയുള്ളത്? മത്താ.12:19, മർ. 3:27, ലൂക്കോ.11:21 എന്നീ വാക്യങ്ങളിലാണ് ഈ വിഷയമുള്ളത്. ഈ വിഷയം കർത്തവു പറയാൻ ഇടയായ സന്ദർഭം ശ്രദ്ധിക്കുക. യേശു ഭൂതങ്ങളെ പുറത്താക്കുന്നതു ഭൂതങ്ങളുടെ തലവന്റെ സഹായത്താലാണെന്ന് ചിലർ ആരോപിക്കുന്നു. അതിനുള്ള മറുപടി എന്ന നിലക്കാണ് ബലവാനെ പിടിച്ചുകെട്ടുന്ന കാര്യം കർത്താവു പറയുന്നത്.

കർത്താവിനു ഭൂതങ്ങളെ പുറത്താക്കാൻ കഴിയുന്നു. അതിന്റെ കാരണം ബലവാനെ - സാത്താനെ - കർത്താവ് പിടിച്ചു കെട്ടി എന്നതുതന്നെ. ഈ വാചകം പറയുമ്പോൾ യേശു ബലവാനെ പിടിച്ചുകെട്ടിയശേഷം ഭൂതങ്ങളെ പുറത്താക്കുകയായിരുന്നു. ആ സമയത്തു സാത്താനെ കർത്താവ് അക്ഷരാർത്ഥത്തിൽ പിടിച്ചു കെട്ടിയിരുന്നോ? ഇല്ലെന്നു തീർച്ച. സാത്താൻ സർവ്വതന്ത്ര സ്വതന്ത്രമായി ലോകമെങ്ങും ഊടാടി സഞ്ചരിക്കുകയായിരുന്നു. പക്ഷേ താൻ സാത്താനെ പിടിച്ചു കെട്ടിയശേഷമാണ് അവന്റെ അധീനതയിലുള്ള മനുഷ്യരെ വിടുവിക്കുന്നതെന്നു കർത്താവു പറയുന്നു. എന്താണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്? അക്ഷരാർത്ഥത്തിൽ ഉള്ള ബന്ധിക്കലിനേക്കുറിച്ചല്ല കർത്താവു പറയുന്നത് എന്നല്ലേ? അപ്പോസ്തല പ്രവൃത്തികളുടെ കാലത്ത് ശിഷ്യൻമാരും നിരവധി ഭൂതങ്ങളെ പുറത്താക്കി. അവരും ബലവാനെ പിടിച്ചു കെട്ടിയശേഷമാണ് അവന്റെ വീടു കൊള്ളയടിച്ചത്. പക്ഷേ അക്കാലത്തും സാത്താൻ അക്ഷരാർത്ഥത്തിൽ ബന്ധിക്കപ്പെട്ടിരുന്നില്ല. ആയിരമാണ്ടു വാഴ്ചയ്ക്കു മുൻപു മാത്രമേ സാത്താൻ ബന്ധനത്തിലാകു. ആയിരം വർഷത്തിനു ശേഷം സാത്താനെ ബന്ധനത്തിൽ നിന്ന് അഴിച്ചു വിടുകയും ചെയ്യും. ഇതാണു വസ്തുത.

അങ്ങനെയെങ്കിൽ 'ബന്ധിക്കുക' നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്? കർത്താവും ശിഷ്യൻമാരും സാത്താനെ ബന്ധിച്ചശേഷം അവന്റെ വീടു കൊള്ളയടിച്ചപ്പോൾ എന്തു സംഭവിച്ചുവോ അതാണു 'ബന്ധിക്കുക' എന്നതിന്റെ അർത്ഥം. അക്കാലത്ത് എന്താണു നടന്നത്? സാത്താനുമുള്ള യുദ്ധത്തിൽ കർത്താവും ശിഷ്യൻമാരും വിജയിച്ചു. സാത്താൻ തോറ്റുപോയി. അതുകൊണ്ട് സാത്താന്റെ അധീനതയിലിരുന്ന മനുഷ്യരെ വിടുവിക്കുവാൻ കഴിഞ്ഞു. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു പോരാടുന്ന വിശ്വാസിക്ക് ഇന്നും സാത്താനെ കീഴ്പ്പെടുത്താനും അവന്റെ അധീനതയിൽ നിന്നു മനുഷ്യരെ വിടുവിക്കാനും കഴിയും. ടി.ജെ.ശാമുവൽ എത്ര ഉപവസിച്ചാലും പ്രാർത്ഥിച്ചുകൊണ്ടു പട്ടണം ചുറ്റിയാലും സാത്താനെ അക്ഷരാർത്ഥത്തിൽ പിടിച്ചുകെട്ടാൻ പറ്റില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി


നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ടി.ജെ.ശാമുവലിനെതിരെ കെ.എൻ.റസ്സൽ ആഞ്ഞടിക്കുന്നു

ടി.ജെ.ശാമുവലിന് ഈയിടെയായി കുശാലാണ്. നാഴി അരിക്കു മുട്ടിയാലും നാലിടിക്കു മുട്ടുവരില്ല എന്നു പറഞ്ഞതുപോലെയാണു കാര്യങ്ങൾ. എല്ലാവരും കൂടി എടുത്തിട്ടു കിളയ്ക്കുകയാണ്. കഴിയുമെങ്കിൽ ശ്വാസം വിടുന്നതുപോലും 'ഏജീ'ന്നായിരിക്കണമെന്നാഗ്രഹിക്കുന്നത്ര എ.ജി ഭക്തനായ കെ. എൻ.റസ്സൽ പോലും ടി.ജെയ്ക്കെതിരെ കൊടുങ്ങല്ലൂർ ശൈലിയിൽ എഴുതുകയാണ്. ഈ ശനിയനേക്കൊണ്ട് എല്ലാവരും അത്രയ്ക്കു മടുത്തു കഴിഞ്ഞു എന്നു വ്യക്തം.





കടയ്ക്കൽ സ്ക്കൂളിന്റെ പേരിൽ ടി.ജെ.ശാമുവൽ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ റസ്സൽ ക്രൈസ്തവചിന്തയിൽ എഴുതിയിരുന്നു. ഈ ലേഖനത്തിനെതിരെ ടി.ജെ.ശാമുവൽ എ.ജി. ദൂതനിൽ 'സൂപ്രിന്റെ പേജിൽ' എഴുതുകയുണ്ടായി. ഇതിനുള്ള മറുപടിയായി റസ്സൽ എഴുതിയ ലേഖനത്തിലാണ് ഭരണിപ്പാട്ടുള്ളത്. (കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: christhavachintha.com)

എ.ജി.യുടെ നിരവധി സഭകൾക്ക് ആരാധനാലയമോ പാഴ്സനേജോ സെമിത്തേരിയോ ഇല്ലാതിരിക്കുമ്പോഴാണ് അനധികൃതമായി നടത്തുന്ന സ്ക്കൂളിനു വേണ്ടി ടി.ജെ.ശാമുവൽ ലക്ഷക്കണക്കിനു രൂപ പിരിക്കുന്നത്. എതിർക്കപ്പെടേണ്ട നടപടിയാണിത് എന്നതിനു സംശയമില്ല.

കഴിഞ്ഞവർഷം അമേരിക്കയിൽ നിന്ന് ഒന്നരലക്ഷം ഡോളർ സ്ക്കൂളിനുവേണ്ടി പിരിച്ചിരുന്നു. ഈ വർഷവും ഇതുപോലെ പിരിവു നടത്താമെന്ന മോഹവുമായാണ് ടി.ജെ.ശാമുവലും പ്രിൻസിപ്പാളും അമേരിക്കയിലെത്തിയത്. പക്ഷേ ക്രൈസ്തവചിന്ത, ഡിഫെൻഡർ എന്നീ പത്രങ്ങളിലൂടെ സ്ക്കൂളിനെ സംബന്ധിച്ചുള്ള വസ്തുതകൾ മനസ്സിലാക്കിയ അമേരിക്കൻ വിശ്വാസികൾ ഇത്തവണ വിഡ്ഢിവേഷം കെട്ടാൻ തയ്യാറായില്ല. അതുകൊണ്ടു വളരെ കുറച്ചു പണം മാത്രമേ ലഭിച്ചുള്ളൂ. ഈ കുറവു പരിഹരിക്കാനാണു ടി.ജെ.ശാമുവൽ ഇപ്പോൾ ശ്രമിക്കുന്നത്.

## സ്ക്കൂളിനു സംഭാവന: സഭയിൽ ഭിന്നത

എ.ജിയുടെ വകയെന്നു ടി.ജെ.ശാമുവൽ അവകാശപ്പെടുന്ന കടയ്ക്കൽ സ്ക്കൂളിന് 14,000 ഡോളർ സഭാഫണ്ടിൽ നിന്നു സംഭാവനയായി കൊടുക്കാനുള്ള നീക്കം ന്യൂയോർക്കിലുള്ള ഒരു എ.ജി സഭയിൽ ഭിന്നതയ്ക്കു കാരണമായിരിക്കുന്നു. കടയ്ക്കൽ സ്ക്കൂളിന് 14,000 ഡോളർ കൊടുക്കാൻ തീരുമാനിച്ചതായി സെപ്റ്റംബർ 6ന് (ഞായർ) പ്രഖ്യാപനമുണ്ടായി. സാധാരണക്കാരായ വിശ്വാസികൾ അറിയാതെയാണ് ഈ തീരുമാനമുണ്ടായത്. അതു കൊണ്ട് സ്വാഭാവികമായും എതിർപ്പുണ്ടാകുകയും ചെയ്തു. ഈ സ്ക്കൂളിന്റെ ഉടമസ്ഥതയെച്ചൊല്ലിയാണ് പ്രധാന സംശയം ഉണ്ടായിരിക്കുന്നത്. എ.ജിയുടെ വകയാണോ സ്ക്കൂൾ എന്നാണു വിശ്വാസികൾക്കറിയേണ്ടത്. അതു ടി.ജെ.ശാമുവലിനോടുതന്നെ ചോദിച്ചറിയാം എന്നാണു ചിലരുടെ പക്ഷം. പക്ഷേ തട്ടിപ്പു നടത്താൻ പദ്ധതിയിടുന്നതു ടി.ജെ.ശാമുവലാണെങ്കിൽ അയാൾ എങ്ങനെ സത്യം പറയും എന്നു മറുപക്ഷം ചോദിക്കുന്നു. സ്ക്കൂൾ എന്നെന്നും ടി.ജെ.ശാമുവലിന്റെ നിയന്ത്രണത്തിൽ നിൽക്കത്തക്കവിധമുള്ള തന്ത്രങ്ങളാണു പ്രയോഗിച്ചിരിക്കുന്നതെന്നാണ് എ.ജിയുടെ അകത്തളങ്ങളിൽ നിന്നു ഡിഫെൻഡറിനു കിട്ടിയ വിവരം. അതുകൊണ്ടാണ് ടി.ജെ.ശാമുവൽ ഇത്രയധികം താല്പര്യമെടുത്ത് പണം പിരിക്കുന്നത്. ഏതായാലും ഈ പ്രശ്നം ന്യൂയോർക്കിലെ ഒരു എ.ജി സഭയിൽ പിളർപ്പിനുവരെ വഴിവച്ചേക്കാം. ഈ പ്രശ്നം ഏതാനും ദിവസങ്ങൾക്കകം ഗുരുതരമായ പ്രശ്നമായി മാറാനുള്ള സാദ്ധ്യതയാണു കാണുന്നത്.




## സ്നോഹരത്തോടെ സി.പി.മോനായി

'സ്നോഹരം' എന്നൊരു സാധനത്തേക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അങ്ങനെയൊരു സാധനമുണ്ട്. ഇലക്ഷനിൽ തോറ്റ 'സ്തനാർത്ഥി' വോട്ടു ചെയ്തവർക്കു നൽകുന്ന സാധനമാണത്. സംശയമുള്ളവർ അടുത്ത കോളത്തിൽ കാണുന്ന പരസ്യം വായിക്കുക. വോട്ടു ചെയ്തവർക്കും പ്രാർത്ഥിച്ചവർക്കും മറ്റും മോനായി ''സ്നോഹരങ്ങളോടെ'' നന്ദി പറയുന്നു. മോനായി പറഞ്ഞാൽ അതിനു പിന്നെ അപ്പീലോ റീയോ ഇല്ല. അതുകൊണ്ട് 'സ്നോഹരം' എന്നൊരു സാധനമുണ്ട്. ഇലക്ഷനിൽ തോറ്റാൽ വോട്ടു ചെയ്തവർക്കെല്ലാം സ്നോഹരം കൊടുക്കണം.

# ജയിച്ചില്ലെങ്കിലും കിടക്കട്ടെ സംഗതി പുരപ്പുറത്ത്

കുളിച്ചില്ലെങ്കിലും ഇന്ത്യൻ വിശേഷവസ്ത്രം പുരപ്പുറത്തിട്ട് പത്രാസ്സു കാണിക്കുന്ന വിരുതൻമാരേക്കുറിച്ചു കേട്ടിട്ടുണ്ട്. ആ ഇനത്തിൽപ്പെട്ട ഒരാളാണു മോനായി. സംശയമുള്ളവർ മോനായിയുടെ പത്രത്തിന്റെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച ഒരു പരസ്യം കാണുക:



എല്ലാവർക്കും നന്ദി

ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പിൽ 26-ാം സ്ഥാനം ലഭിച്ച എനിക്ക് വോട്ട് ചെയ്ത ഐ.പി.സിയിലെ എല്ലാ ശുശ്രൂഷകന്മാർക്കും, സഭാ പ്രതിനിധികൾക്കും എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും മറ്റ് സഹായങ്ങൾ നൽകുകയും പത്രങ്ങളിൽ പരസ്യം നല്കി സഹായിക്കുകയും ചെയ്ത എല്ലാവരോടും എന്റെ നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു. വീണ്ടും നിങ്ങളുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് സ്നേഹാദരങ്ങളോടെ

പാസ്റ്റർ സി. പി. മോനായി
(ഐ.പി.സി. എബനേസർ, മുത്തൂർ,
ചീഫ് എഡിറ്റർ സുവാർത്താ ന്യൂസ് പേപ്പർ)

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പിൽ 26-ാം സ്ഥാനത്തെത്താൻ മോനായിക്കു കഴിഞ്ഞത്രേ. അതിനു മോനായി ഏവരോടും നന്ദി പറയുന്നു. ഒന്നാം സ്ഥാനത്തോ കുറഞ്ഞ പക്ഷം രണ്ടാം സ്ഥാനത്തോ എത്താൻ കഴിയുന്നവർ സന്തോഷിക്കുകയും നന്ദി പറയുകയും ചെയ്യാറുണ്ട്. ഇവിടെയിതാ 26-ാം സ്ഥാനത്തെത്താൻ കഴിഞ്ഞതിൽ മോനായി സന്തോഷിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. സത്യം പറഞ്ഞാൽ, രണ്ടു കൈയ്യും തലയിൽ വച്ചു കൂവാൻ തോന്നുന്നു. മോനായിയുടെ തൊലിക്കട്ടി അപാരംതന്നെ.

സ്ഥാനം വച്ചു പറയുമ്പോൾ 26-ാമൻ ആണെങ്കിലും മോനായി ജയിച്ചിരിക്കാമെന്നും അതുകൊണ്ടായിരിക്കാം നന്ദി പറയുന്നതെന്നും കരുതുന്നെങ്കിൽ അതും ശരിയല്ല. മോനായി തോറ്റു. ഈ കുറിപ്പ് എഴുതുന്ന സമയത്തും മോനായി തോറ്റു നിൽക്കുകയുമാണ്. (ഐ.പി.സിയുടെ കാര്യമായതുകൊണ്ട് നാളെ എന്തു നടക്കുമെന്നു പറയാനാവില്ല). അതുകൊണ്ടാണ് മോനായിയുടെ തൊലിക്കട്ടിയേക്കുറിച്ചൊരു നല്ലവാക്കു പറയാൻ ധൈര്യം തോന്നിയത്.

മറ്റൊരു തമാശകൂടി മോനായിയുടെ പത്രത്തിൽ കണ്ടു. ഐ.പി.സി നേതൃത്വത്തിലേക്ക് എന്ന തലക്കെട്ടിൽ ഒന്നാം പേജിൽ തന്നെ പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു വാർത്തയാണിത്. (ആ വാർത്ത താഴെ കൊടുക്കുന്നു). ഐ.പി.സിയുടെ നേതൃത്വത്തിലേക്ക് മന്ദമന്ദം, അടിവച്ചടിവച്ച്, കയറിവരുന്നവർ ആരൊക്കെ? ടി.എസ്.ഏബ്രഹാം, കെ.എം.ജോൺ, കെ.സി.ജോൺ, വൽസൻ ഏബ്രഹാം എന്നിവരാണ് ആ ഭാഗ്യശാലികൾ. ഒരു സംശയം: ഇവരാരും നാളിതുവരെ ഐ.പി.സിയുടെ നേതൃസ്ഥാനത്തില്ലായിരുന്നോ? തെരഞ്ഞെടുപ്പിൽ ജയിച്ചവരുടെ കാര്യമാണു പറയുന്നതെങ്കിൽ ടി.എസ്.ഏബ്രഹാം, കെ.എം. ജോൺ എന്നിവർ ഇത്തവണ മത്സരിക്കുകപോലും ചെയ്തില്ലല്ലോ. എന്താണപ്പാ മോനായി ഈ പറയുന്നത്! ഒരു പിടിയും കിട്ടുന്നില്ല.

ഐ.പി.സി. നേതൃത്വത്തിലേക്ക്





# കാനം അച്ചനെ അനുകൂലിച്ച് പത്രങ്ങൾ രംഗത്ത്



പെന്തക്കോസ്തിൽ നടക്കുന്ന തോന്ന്യാസങ്ങൾക്കെതിരെ ഡിഫെൻഡർ പ്രതികരിക്കുകയും മറ്റു പത്രങ്ങൾ മിണ്ടാതിരിക്കുകയും ചെയ്യുന്ന രീതിയായിരുന്നു നാളിതുവരെ ഉണ്ടായിരുന്നത്. എന്നാൽ പതിവിനു വിപരീതമായി ഇത്തവണ ഏതാനും പത്രങ്ങൾ അവസരത്തിനൊത്ത് ഉയരുകയും കാനം അച്ചനെ അകാരണമായി വിമർശിച്ചവർക്ക് ചുട്ട മറുപടി കൊടുക്കുകയും ചെയ്തിരിക്കുന്നു.

ബിലീവേഴ്സ് ജേർണൽ ഒന്നാം പേജിൽ മുഖപ്രസംഗം എഴുതിക്കൊണ്ടാണു പ്രതികരിച്ചത്. വെറും മുഖപ്രസംഗമല്ല, ഡിഫെൻഡറിനെ വെല്ലുന്ന ഭാഷയിലുള്ള ആറ്റംബോംബായിരുന്നു അത്. ആധുനിക മലയാളത്തിൽ പറഞ്ഞാൽ 'കലക്കി.' പക്ഷേ ഒരു സംശയം: ഈ എഴുത്ത് അമേരിക്കയിലുള്ള ഏമാൻമാർക്കു രസിക്കുമോ? അവർ കോപിച്ചാൽ ചക്രായുധം പ്രയോഗിക്കും. അതുകൊണ്ട് സൂക്ഷിക്കുക.

സ്വർഗ്ഗീയധ്വനിയും ജാലകവും ഈ വിഷയത്തിൽ ഇടപെട്ടിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. എങ്കിലും നേരിൽ കാണാത്തതുകൊണ്ടു വിശദാംശങ്ങളിലേക്കു കടക്കാൻ കഴിയുന്നില്ല. ഗുഡ്ന്യൂസ് പ്രതികരിച്ചതായി അറിവില്ല. സത്യത്തിൽ ഗുഡ്ന്യൂസായിരുന്നു ആദ്യം പ്രതികരിക്കേണ്ടിയിരുന്നത്. കാരണം, കാനം അച്ചൻ ഗുഡ്ന്യൂസിൽ എഴുതിയിട്ടുള്ളത്ര ലേഖനങ്ങൾ മറ്റൊരു പെന്തക്കോസ്ത് പത്രത്തിലും എഴുതിയിട്ടില്ല. സംഗതി പ്രശ്നമായതുകൊണ്ടും പ്രശ്നം ഗുഡ്ന്യൂസ് എന്ന ഗണത്തിൽ പെടാത്തതുകൊണ്ടും ഗുഡ്ന്യൂസ് മൗനമായിരിക്കുകയാകും. കാനം അച്ചന് അനുകൂലമായി എഴുതിയാൽ കെ.സി.ജോൺ കോപിക്കും എന്ന ഭയം മൂലം മിണ്ടാതിരിക്കയാണെന്ന് ചിലർ അഭിപ്രായപ്പെടുകയുണ്ടായി. അതാണു കാരണമെങ്കിൽ ഗുഡ്ന്യൂസിനെ ഓർത്തു സഹതപിക്കുകയേ നിവൃത്തിയുള്ളൂ. കെ.സി.ജോണിനേപ്പോലൊരു പരമനീചനെ ഭയപ്പെട്ടു മിണ്ടാതിരിക്കുന്നവർ സാത്താന്റെ എതിർപ്പു ഭയന്ന് സുവിശേഷസത്യങ്ങൾ പോലും മറച്ചുവച്ചെന്നു വരാം. ലജ്ജാകരമെന്നേ പറയേണ്ടൂ.


**ATTENTION**

If you have a book to be translated from English to Malayalam

**Just Contact: 9846675683**

**SATISFACTION GUARANTEED**


# സുരേഷിനു കനേഡിയൻ കഞ്ഞി



സുരേഷ് ബാബു



കുന്നിൽ ജേക്കബ്



വിൽസൺ ജോർജ്

കള്ളനു കാനഡയിൽ പാട്ടിന്റെ അകമ്പടിയോടെ കഞ്ഞി. സെപ്റ്റംബർ 18, 19, 20 തീയതികളിലാണ് കഞ്ഞിവീഴ്ത്തൽ മഹാമഹം. കുന്നിൽ ജേക്കബ് എന്ന കഴുതയാണ് കള്ളനു കഞ്ഞി വയ്ക്കുന്നത്. വിൽസൺ ജോർജിന്റെ കഴുതരാഗം അകമ്പടിയായുണ്ടാകും. സുരേഷ് ബാബു എന്ന കള്ളൻ കഞ്ഞി കുടിച്ച് ഏമ്പക്കം വിടും.

സ്വന്തമായി ഒരു സഭ എന്നത് കുന്നിൽ ജേക്കബ്ബിന്റെ മോഹമായിരുന്നു. ആ മോഹം ഇതാ പൂവണിയുന്നു. സുരേഷിന്റെ പ്രസംഗം കഴിയുന്നതോടെ പതിനായിരത്തിൽ കുറയാത്ത വിശ്വാസികളുള്ള ഒരു സഭയുണ്ടാകും. അതോടെ ജേക്കബ്ബിന്റെ കാര്യം കുശാലാകും. ഇത്ര വലിയ ഒരു സഭ ഒറ്റയ്ക്ക് ഉണ്ടാക്കിയെടുക്കുക എളുപ്പമല്ലല്ലോ. അതു കൊണ്ടു വിൽസൺ ജോർജ് എന്ന കള്ളന്റെ പാട്ടോടെയാണ് സഭാസ്ഥാപനം.

സുരേഷിനെ വിളിച്ചു യോഗം നടത്തിയാൽ ദേശത്ത് ഉണർവ്വുണ്ടാകുമെന്നും അതോടെ സഭ വളരുമെന്നും മറ്റും കിനാവു കണ്ട് അബദ്ധത്തിലായവർ ഏറെയുണ്ട്. ഈ വിധത്തിലുള്ള നിരവധി യോഗങ്ങൾ കേരളത്തിൽ നടന്നിരുന്നു. പക്ഷേ ഇപ്പോൾ മിക്കവർക്കും ബുദ്ധിയുദിച്ചു കഴിഞ്ഞു. അതു കൊണ്ടു വളരെ കുറച്ചു യോഗങ്ങൾ മാത്രമേ സുരേഷിനു കേരളത്തിൽ ലഭിക്കുന്നുള്ളൂ. അമേരിക്കയിലും സുരേഷിനു വലിയ സ്വീകരണമൊന്നും ലഭിക്കുന്നില്ല. എങ്കിലും കുന്നിൽ ജേക്കബ്ബിനേപ്പോലുള്ള കുറെ പമ്പര വിഡ്ഢികൾ സുരേഷിനെ വിളിക്കാൻ തയ്യാറാകുന്നു. ഡിഫെൻഡർ ഇത്ര ശക്തവും വ്യക്തവുമായി എഴുതിയിട്ടും സുരേഷ് ബാബു, സാമച്ചൻ, കെ.എ.ഏബ്രഹാം, മുല്ലക്കര, കെ. സി.ജോൺ തുടങ്ങിയ കള്ളൻമാരെ വിളിച്ചു യോഗം നടത്താൻ തയ്യാറാകുന്നവരെ നിശിതമായ ഭാഷയിൽ വിമർശിക്കാൻ തന്നെയാണു ഡിഫെൻഡർ തീരുമാനിച്ചിരിക്കുന്നത്. ഇതും അത്തരത്തിലുള്ള ഒരു കേസ്സാണ്.

# തട്ടിപ്പുകാരുടെ സ്വന്തം വെബ്സൈറ്റ്

തട്ടിപ്പുകാരുടെ സ്വന്തം വെബ്സൈറ്റ് എന്നു കേൾക്കുമ്പോൾ തട്ടിപ്പുകാരെല്ലാം ചേർന്ന് ഒരു വെബ്സൈറ്റ് ഉണ്ടാക്കി എന്നാണു തോന്നുക. പക്ഷേ അങ്ങനെയൊന്നും നടന്നിട്ടില്ല. പെന്തക്കോസ്തിലെ തട്ടിപ്പുകാരേക്കുറിച്ചുള്ള ലഘു വിവരണങ്ങൾ അടങ്ങിയ ഒരു വെബ്സൈറ്റാണിത്.

ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ട് 12 വർഷത്തോളമായി. നൂറു കണക്കിനു കള്ളൻമാരേക്കുറിച്ച് ഡിഫെൻഡറിൽ പലപ്പോഴായി എഴുതിയിട്ടുമുണ്ട്. 2003 മുതലുള്ള ലക്കങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാക്കിയിട്ടുമുണ്ട്. എങ്കിലും പല ലക്കങ്ങളിലായി ഈ വിവരങ്ങൾ ചിതറിക്കിടക്കുന്നതുകൊണ്ട് ഏതെങ്കിലും ഒരു കള്ളനേക്കുറിച്ചുള്ള വിവരം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഈ പ്രശ്നം പരിഹരിക്കാനാണ് വ്യാജൻമാർക്കുവേണ്ടി ഒരു വെബ്സൈറ്റ് ഉണ്ടാക്കുന്നത്. പെന്തക്കോസ്തിലെ പ്രധാന കള്ളൻമാരേക്കുറിച്ചെല്ലാം ഈ സൈറ്റിൽ കുറിപ്പുകളുണ്ടാകും. ഇംഗ്ലീഷ്, മലയാളം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിച്ചിട്ടുമുണ്ട്.

ഈ വെബ്സൈറ്റിന്റെ ഡിസൈനിംഗ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഒക്ടോബർ ഒന്നാം തീയതി സൈറ്റിന്റെ പ്രവർത്തനം ആരംഭിക്കാനാണു പദ്ധതി. സൈറ്റിലെ വിഭവങ്ങൾക്ക് അനുസൃതമായ പേരാണു സൈറ്റിനു നൽകിയിരിക്കുന്നത്: **fraud.name**

ഓരോ കള്ളനേക്കുറിച്ചും ഓരോ പേജ് ഉണ്ടാകും. ഈ പേജുകൾക്ക് താഴെ പറയുന്ന വിധത്തിൽ ലിങ്ക് കൊടുക്കുന്നതാണ്:
fraud.name/kcjohn
fraud.name/samachan
fraud.name/mullakkara


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**




# സ്വർഗ്ഗീയ വിരുന്ന് – ലക്ഷണമൊത്ത കൾട്ട്

സ്വർഗ്ഗീയ വിരുന്നിനെ ഡിഫെൻഡർ എന്തുകൊണ്ട് ഇത്ര നിശിതമായി വിമർശിക്കുന്നു എന്നു പലരും ചോദിക്കാറുണ്ട്. അവരും സുവിശേഷമല്ലേ പ്രസംഗിക്കുന്നത്? അവരും യേശുവിനെയല്ലേ പ്രസംഗിക്കുന്നത്? അവരുടെ പ്രസംഗം കേട്ട് ആയിരക്കണക്കിന് ആളുകൾ രക്ഷിക്കപ്പെടുന്നില്ലേ? നമുക്ക് പ്രതികൂലമല്ലാത്തവൻ അനുകൂലമല്ലേ? ഇങ്ങനെ പോകുന്നു ചോദ്യങ്ങൾ. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ചു ചിലതൊക്കെ പറയാതെ പറ്റില്ല. സ്വഗ്ഗീയവിരുന്നിൽ പ്രസംഗിക്കപ്പെടുന്നത് മറ്റൊരു സുവിശേഷമാണ്. അവർ പ്രസംഗിക്കുന്നത് മറ്റൊരു യേശുവിനെയാണ്. അവരുടെ പ്രസംഗം കേട്ട് ജനം രക്ഷിക്കപ്പെടുകയല്ല മാമ്മോന്റെ സേവകരാകുകയാണു ചെയ്യുന്നത്. അവർ സത്യസുവിശേഷത്തിന്റെ ശത്രുക്കളാണ്.

സ്വർഗ്ഗീയവിരുന്ന് ദൈവസഭയല്ല കൾട്ടാണ്. അവരുടെ പ്രവർത്തനങ്ങളിലൂടെ വളരുന്നത് ദൈവസഭയല്ല അപകടകാരിയായ ഒരു കൾട്ടാണ്. അതുകൊണ്ടാണ് ഡിഫെൻഡർ ഈ ഭോഷ്ക്കിനെ എതിർക്കുന്നത്.

എന്താണു കൾട്ട്? ഒരു വ്യക്തിയോടോ ആശയത്തോടോ പ്രസ്ഥാനത്തോടോ ഉള്ള അതിരുകടന്ന ഭക്തി – ആരാധന – വിധേയത്വം – അതാണു കൾട്ട്. പക്ഷേ ക്രിസ്ത്യൻ കൾട്ട് അല്പംകൂടി വ്യത്യസ്തമായ ഒന്നാണ്. ക്രിസ്ത്യൻ കൾട്ടുകൾക്കു പൊതുവായി കണ്ടുവരുന്ന ചില ലക്ഷണങ്ങൾ വചനപണ്ഡിതൻമാർ അക്കമിട്ടു നിരത്തിയിട്ടുണ്ട്. അവയിൽ ഭൂരിപക്ഷവും സ്വർഗ്ഗീയ വിരുന്നിനു യോജിക്കും.

1. മറ്റൊരു ക്രിസ്തു.

ക്രിസ്ത്യൻ കൾട്ടുകൾ ക്രിസ്തുവിനെ പ്രസംഗിക്കുമെങ്കിലും അതു ബൈബിളിലെ ക്രിസ്തുവായിരിക്കയില്ല. തങ്കുവിന്റെ ക്രിസ്തുവും ബൈബിളിലെ ക്രിസ്തുവല്ല. സാത്താന്റെ മുമ്പിൽ തോറ്റു നിലവിളിക്കുകയും സാത്താനോടു തോറ്റു മൂന്നു ദിവസം കഴിച്ചുകൂട്ടുകയും ചെയ്ത ക്രിസ്തുവാണു തങ്കുവിന്റെ ക്രിസ്തു. മാത്രമല്ല, ഈ ക്രിസ്തു തന്റെ ഭക്തർക്ക് ആവശ്യത്തിലധികം സമ്പത്തു നൽകുന്നവനുമാണ്. ബൈബിളിലെ ക്രിസ്തു ഇതൊന്നുമല്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.





2. മറ്റൊരു സുവിശേഷം.

തങ്കു പ്രസംഗിക്കുന്നതു മറ്റൊരു സുവിശേഷമാണ്. യേശുവിൽ വിശ്വസിച്ചാൽ എല്ലാവിധ ഭൗതീക അനുഗ്രഹങ്ങളും ഉണ്ടാകുമെന്ന് ഇവർ പ്രസംഗിക്കുന്നു. ഇത്തരം ഒരു സുവിശേഷം കർത്താവോ ശിഷ്യൻമാരോ പ്രസംഗിച്ചിട്ടില്ല. ഇതു മാമ്മോന്റെ സുവിശേഷമാണ്.

3. വചനത്തിനു വികലമായ വ്യാഖ്യാനം നൽകുന്നു.

തങ്കുവും കൂട്ടരും ദൈവവചനത്തിനു വികലമായ വ്യാഖ്യാനം നൽകുന്നു. പഴയനിയമം ദൈവവചനമേയല്ല എന്നു പറയാതെ പറയുന്നതാണ് ഇവരുടെ നിലപാട്. കർത്താവും ശിഷ്യൻമാരും പുതിയനിയമത്തിന്റെ നിഴൽ എന്ന നിലക്ക് പഴയനിയമം ഉപയോഗിക്കുകയും പ്രസംഗങ്ങളിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. പക്ഷേ ഇവർ പഴയനിയമത്തെ പൂർണ്ണമായി ഒഴിവാക്കുന്നു. മാത്രമല്ല, പുതിയനിയമത്തിന് പുതിയ വ്യഖ്യാനം ചമച്ച് വികലമാക്കുകയും ചെയ്യുന്നു. അനുഗ്രഹം എന്ന വാക്കിന് ഭൗതീകമായ നേട്ടങ്ങൾ എന്ന് അർത്ഥം കല്പിക്കുകയും ഈ കൾട്ടിൽ അംഗമായാൽ കവിഞ്ഞൊഴുകുന്ന അനുഗ്രഹം ഉണ്ടാകുമെന്നു പ്രസംഗിക്കുകയും ചെയ്യുന്നു. കവിഞ്ഞൊഴുകുന്ന അനുഗ്രഹം എന്നത് ഇവരുടെ ആപ്തവാക്യമാണ്.

4. ബൈബിൾ മാത്രമായിരിക്കില്ല ആധാരം.

ക്രിസ്ത്യൻ കൾട്ടുകളുടെ ആധാരം ബൈബിൾ മാത്രമായിരിക്കില്ല. ബൈബിൾ മാത്രം ആധാരമായി സ്വീകരിച്ചാൽ കൾട്ട് ഉണ്ടാകില്ല എന്നതുതന്നെ കാരണം. നിലവിലുള്ള സഭകളെല്ലാം കിഴവിമാരേപ്പോലെയാണെന്നും തങ്കുവിന്റെ നേതൃത്വത്തിൽ ഉണ്ടാകുന്ന പ്രസ്ഥാനമാണ് മനുഷ്യരക്ഷക്കു കാരണമാകുന്നതെന്നും ആമോസ് സിംഗിനു ദർശനം കിട്ടി. ആ ദർശനത്തിൽ തങ്കുവും കൂട്ടരും അടിയുറച്ചു വിശ്വസിക്കുന്നു. സ്വർഗ്ഗീയ വിരുന്നിന്റെ വെബ്സൈറ്റിൽ ഇപ്രകാരം പറയുന്നു: At a sea shore an old lady and a young child were having a severe argument. Old woman arguing with the young child is; all the traditional churches and movements. The young child is; the new revival movement starting from the city(Heavenly Feast). www.theheavenlyfeast.org/hf/mathewkuruvilla.php

5. കള്ളപ്രവചനം.

എല്ലാ കൾട്ടുകളുടേയും ഉത്ഭവത്തിന്റെ പിന്നിൽ കള്ളപ്രവചനം ഒരു പ്രധാന ഘടകമായിരിക്കും. സ്വർഗ്ഗീയ വിരുന്നിന്റെ ഉത്ഭവത്തിന്റെ പിന്നിലും കള്ളപ്രവചനമുണ്ട്. ആമോസ് സിംഗ് നടത്തിയ മൂന്നു കള്ളപ്രവചനങ്ങളാണ് സ്വർഗ്ഗീയ വിരുന്നിന്റെ ഉത്ഭവത്തിനു കാരണം. മുകളിൽ കൊടുത്തിരിക്കുന്ന ലിങ്കിൽ ഈ മൂന്നു പ്രവചനവും കാണാം.

6. തങ്ങൾ മാത്രമാണു ദൈവസഭ എന്നു പഠിപ്പിക്കും.

സുവിശേഷ സംഘടനകളെ കൾട്ടിൽ നിന്നു വ്യത്യസ്തമാക്കുന്ന ഒരു പ്രധാന ഘടകമാണ് ഇതര സുവിശേഷ വിഹിത സംഘടനകളോടും കൂട്ടങ്ങളോടുമുള്ള നിലപാട്. തങ്ങളുടെ സംഘടന അല്ലെങ്കിൽ സഭ മാത്രമാണ് ദൈവസഭ എന്ന് എല്ലാ കൾട്ടുകളും പഠിപ്പിക്കും. തങ്കുവും ഇതു തന്നെ ചെയ്യുന്നു. All the traditional churches and movements കിഴവിയാണെന്നും തങ്കുവിന്റെ പ്രസ്ഥാനം മാത്രമാണു ശരിയെന്നും പറഞ്ഞിരിക്കുന്നതു നോക്കൂ. കോട്ടയത്ത് ഉത്ഭവിച്ചിരിക്കുന്ന ഈ പ്രസ്ഥാനം ലോകമെമ്പാടും വളരുമെന്നും ഈ നവീന പ്രസ്ഥാനമാണ് ദൈവസഭയെന്നും തങ്കു വെബ്സൈറ്റിൽ വ്യക്തമായി പറയുന്നുണ്ട്. തങ്കു കിഴവിയെന്നു വിളിക്കുന്ന പ്രസ്ഥാനങ്ങളിൽ ഒന്നായ ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി. ജോണിന് സ്വന്തം പ്രസ്ഥാനത്തെ ഒറ്റിക്കൊടുക്കാതെ സ്വർഗ്ഗീയ വിരുന്നുമായി സഹകരിക്കാനാവില്ലെന്നു വ്യക്തം.

7. രഹസ്യസ്വഭാവം.

എല്ലാ കൾട്ടുകളും രഹസ്യങ്ങളുടെ കലവറയാണ്. തങ്ങൾക്ക് ഒളിക്കാൻ ഒന്നുമില്ലെന്നും എല്ലാം സുതാര്യമാണെന്നും ഭാവിക്കുമ്പോൾത്തന്നെ രഹസ്യങ്ങളുടെ ഭാണ്ഡക്കെട്ട് നേതാവിന്റെ കൈവശമുണ്ടായിരിക്കും. സ്വർഗ്ഗീയ വിരുന്നിന്റെ കഥയും മറിച്ചല്ല. രണ്ടാമനായ തോമസ് കുട്ടിക്കുപോലും സ്വർഗ്ഗീയ വിരുന്നിന്റെ രഹസ്യങ്ങൾ പൂർണ്ണമായി അറിഞ്ഞുകൂടാ. തങ്കു കൊടുക്കുന്ന ശമ്പളം വാങ്ങുകയും തങ്കു വരയ്ക്കുന്ന വരയിലൂടെ പോകുകയുമല്ലാതെ ഒന്നും ചെയ്യാൻ തോമസ്കുട്ടിക്കു കഴിയുന്നതല്ല.

8. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം.

ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം കൾട്ടിന്റെ പ്രധാന ലക്ഷണമാണ്. നേതാവു പറയുന്നതെല്ലാം വേദവാക്യമായി അണികൾ സ്വീകരിക്കും. നേതാവിനെ എതിർക്കുന്നവൻ പ്രസ്ഥാനത്തിൽ നിന്ന് ഔട്ടാകും. നേതാവാണ് സഭയുടെ ജീവാത്മാവും പരമാത്മാവും. സ്വർഗ്ഗീയ വിരുന്നിൽ തങ്കുവാണ് എല്ലാം. തങ്കുവിനു വചനം അറിഞ്ഞുകൂടാത്തതുകൊണ്ട് വചനം പ്രസംഗിക്കാൻ തോമസ്കുട്ടിയെ ഒപ്പം കൂട്ടിയെന്നേയുള്ളൂ. പറഞ്ഞുറപ്പിച്ച ശമ്പളം വാങ്ങി പോകുക എന്നതല്ലാതെ തോമസ്കുട്ടിക്ക് ഒന്നും ചെയ്യാനില്ല. തങ്കുവിനും ഇപ്പോൾ ബൈബിളിൽ നിന്ന് എന്തെങ്കിലുമൊക്കെ പറയാമെന്നായിട്ടുണ്ട്. അതുകൊണ്ട് ഏറെ താമസിയാതെ തോമസ്കുട്ടി സ്വർഗ്ഗീയ വിരുന്നിൽ നിന്ന് ഔട്ടാകും. അതു കഴിഞ്ഞ് തോമസ്കുട്ടി സ്വന്തം കൾട്ടുണ്ടാക്കും.

9. നേതാവു പറയുന്നതെല്ലാം വേദവാക്യമായി പരിഗണിക്കും.

നേതാവാണ് കൾട്ടിന്റെ ഏകസത്യദൈവം. അതുകൊണ്ട് നേതാവു പറയുന്നതെല്ലാം മറ്റുള്ളവർ വേദവാക്യമായി പരിഗണിക്കും. നേതാവിനു തെറ്റു പറ്റുകയില്ല. കാരണം, നേതാവിനെ ദൈവം സ്പെഷ്യലായി അഭിഷേകം ചെയ്തു വിട്ടിരിക്കയാണ്. സ്വർഗ്ഗത്തിൽ നിന്ന് അമോസ് സിംഗിന്റെ നെറ്റിയിൽ വീണ ഒരു തുള്ളി എണ്ണയാണ് സ്വർഗ്ഗീയവിരുന്നിന്റെ ആധാരം. ആ എണ്ണയാൽ അഭിഷേകം പ്രാപിച്ചിരിക്കുന്ന തങ്കുവിനെയാണ് ലോകമെമ്പാടും വ്യാപിക്കാൻ പോകുന്ന ഈ നവീന പ്രസ്ഥാനത്തിന്റെ അടിസ്ഥാന ശിലയായി ദൈവം നിയമിച്ചിരിക്കുന്നത്. ദൈവത്താൽ നയിക്കപ്പെടുന്നവനാകകൊണ്ട് തങ്കുവിനു തെറ്റു പറ്റുകയില്ല.

കൾട്ടുകളുടെ പ്രധാന ലക്ഷണങ്ങളിൽ ഒൻപതെണ്ണം സ്വർഗ്ഗീയ വിരുന്നിനു യോജിക്കുമെന്നു വ്യക്തം. ചുരുക്കം ചില കൾട്ടുകൾ മാത്രമേ ഇത്രയധികം ലക്ഷണമൊത്തതായി കണ്ടുവരാറുള്ളൂ. എന്നിട്ടും പെന്തക്കോസ്ത് നേതാക്കൻമാർ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുകയോ ജനത്തെ ബോധവത്ക്കരിക്കയോ ചെയ്യുന്നില്ല. അതുകൊണ്ട് നിരവധി പെന്തക്കോസ്തുകാർ സ്വർഗ്ഗീയ വിരുന്നിന്റെ ദുരുപദേശങ്ങളിൽ കുരുങ്ങിക്കഴിഞ്ഞു. പെന്തക്കോസ്ത് പത്രങ്ങൾ കൺവൻഷനുകളുടെ വാർത്തയും ബൈബിൾ കോളേജുകളുടെ പരസ്യങ്ങളും മറ്റും പ്രസിദ്ധീകരിച്ചു നിർവൃതിയടയുന്നു. ദു:ഖകരമായ ഒരു സ്ഥിതിവിശേഷമാണിത്.

അപ്പോളജസ്റ്റിക് കൗൺസിൽ ഈ വിഷയത്തിൽ എന്തെങ്കിലുമൊക്കെ ചെയ്യുമെന്നു കരുതിയിരുന്നെങ്കിലും ഒന്നോ രണ്ടോ മീറ്റിംഗുകൾ നടത്തിയതല്ലാതെ അവരും ഫലപ്രദമാമായി ഒന്നും ചെയ്തില്ല. ഈ വൈകിയ വേളയിലെങ്കിലും ദൈവദാസൻമാർ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ ഈ കൾട്ട് ദൂരവ്യാപകമായ ദോഷങ്ങൾ വരുത്തിവയ്ക്കും.



## ‘ശവ’സംസ്ക്കാരം: അവറാൻ വഹ

ന്യൂയോർക്കിൽ നടന്ന ഒരു ശവസംസ്ക്കാരമാണു രംഗം. വിശേഷിച്ചു പണിയൊന്നുമില്ലാത്തതുകൊണ്ട് അവറാനും എത്തി. ആർക്കും കയറി പ്രസംഗിക്കാവുന്ന രംഗമാണല്ലോ ശവസംസ്ക്കാരം. അതുകൊണ്ട് അവറാനും പ്രസംഗിച്ചു. ജനനം, ജീവിതം, മരണം എന്നിവ പൂജ്യത്തിലാണ് അവസാനിക്കുന്നത്. പക്ഷേ നിത്യത അങ്ങനെയല്ല. കാരണം, നിത്യതയിൽ പൂജ്യമില്ല. മരണം എന്ന വാക്കിന്റെ അർത്ഥമെന്ത്? ‘മ’ രണം. യുദ്ധം വേണ്ട, അതായത് യുദ്ധം മതിയാക്കാം. മരണത്തോടെ എല്ലാ യുദ്ധവും അവസാനിക്കുന്നു.

മരണം എന്നാൽ എന്തെന്ന് ഈ ശുംഭനു മനസ്സിലാക്കിക്കൊടുക്കാൻ ന്യൂയോർക്കിൽ ആളില്ലാതെ പോയല്ലോ! കഷ്ടം.


## ‘മരിച്ചവർ എവിടെ’ വില്പന തുടരുന്നു

‘‘മരിച്ചവർ എവിടെ’’ എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. വില: 30 രൂപ. ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാം വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി– 50 രൂപ. രണ്ടു കോപ്പി– 90 രൂപ. അഞ്ചു കോപ്പി– 180 രൂപ. പത്തു കോപ്പി– 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 96564 32921**

RNI No. 68089 / 97
2009 September 16

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# മുല്ലക്കരയുടെ ആശുപത്രിക്ക് നാലായിരം കോടി വേണം

അത്ഭുത രോഗശാന്തി ശുശ്രൂഷയുമായി ഉലകം ചുറ്റുന്ന മുല്ലക്കര മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ഉണ്ടാക്കുകയാണ്. ഏകദേശം 4,000 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്. ഇത്രയും തുക മുല്ലക്കരയുടെ കൈവശമുണ്ടോ എന്നു ചോദിച്ചേക്കാം. രോഗശാന്തി തട്ടിപ്പുമായി ഇറങ്ങിയ കാലത്ത് 20 ലക്ഷം രൂപ കടമാണുണ്ടായിരുന്നത്. അതെല്ലാം കൊടുത്തു തീർത്തു. ഇപ്പോൾ പത്തു കോടിയോളം രൂപ മിച്ചവുമുണ്ട്. പക്ഷേ 4,000 കോടി എവിടെനിന്നുണ്ടാക്കും? സിമ്പിൾ, പെന്തക്കോസ്തിലെ കഴുതകൾ സംഭാവനയായി കൊടുക്കും. കാരണം, പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും അത്ര വലിയ കഴുതകളാണ്.

അത്ഭുത രോഗശാന്തി നടത്തുന്ന വ്യക്തി എന്തിന് ആശുപത്രി തുടങ്ങുന്നു എന്നു ചോദിച്ചേക്കാം. സോറി, കഥയിൽ ചോദ്യമില്ല. മിണ്ടാതിരുന്നു കേട്ടാൽ മതി. അത്യുഗ്രൻ രോഗശാന്തി നടത്തുന്ന തങ്കു എന്തിനു വീൽ ചെയർ വിവരണം ചെയ്യുന്നു? അതു പോലെയുള്ള ഒരു മർമ്മമാണ് മുല്ലക്കരയുടെ ആശുപത്രി.

ഈയിടെ മുല്ലക്കര ഷാർജയിൽ രോഗശാന്തി നടത്തി. ഈ പരിപാടിയിൽ പങ്കെടുത്ത ഒരാൾ ഡിഫെൻഡറിനയച്ച ഈമെയിൽ താഴെ കൊടുക്കുന്നു:



I am a regular reader of Defender and I observe your criticism about the leaders. I read about Devassia Mullakkara from your website. As you know, Sept,. 9 & 10, he is preaching in Sharjah. To see and hear from Mullakka, I also attended the meeting yesterday. Sir, what you said is absolutely correct. He is No. 1 *thattippu veeran.* I feel ashamed about our people. He knows nothing about the Bible. A totally confused man. Real cult. He started the basic doctrines of the New testament church with baptism. He did not say anything about salvation. After that, holy spirit, spiritual gifts etc. He made everything upside down. Shame on us who came to hear all these things. In between, he got the revelation about the sick people. As you says, *thalavedana, kaivedana, pidali vedana, nadu vedana....pinne vrekka, karal etc.* He asked the people to stand up and then he prayed for them. Ayyoo. ( He don't know even how to pray.) After that, the exercises... lift your hand, bend yourself etc.... then he declared everyone is healed. Actually nothing happened. Kashtam .. ennallathe enthu parayan. After this thattippu, he started saying about fund collection. This trick we have to appreciate. I think it is from Zip Pappachan that he learnt this. At the end of his preaching, he said much about his ministry "Ahmabhishekam". I don't want to mention about that... The very interesting part is his announcement of his proposed "Multi Specialty Hospital" in Kerala. He said the estimated cost of the Hospital is Rs. 4000 crores. (Four thousand crores) and he invited our support. You know, there is one more funny thing, he announced the discounted rate also. For Pastors, Spiritual Leaders, Priests, Nuns 50% on all charges. For BPL ration card holders: only 25% will be charged. Others must pay full. He announced this after doing his healing ministry. What a shame. Sir, Why I am writing you this is just to support your writings. Please continue the same so that our people will be away from these *KURUKKANS.*

ഷാർജയിൽ മാത്രമല്ല, ലോകമെമ്പാടും ഇതുതന്നെയാണു മുല്ലക്കര ചെയ്യുന്നത്. അമേരിക്കയിലെ യോഗങ്ങളിലെല്ലാം ഈ കള്ളൻ ആശുപത്രിയേക്കുറിച്ചും വൃദ്ധസദനത്തേക്കുറിച്ചും പറഞ്ഞു പണം പിരിച്ചു. രാവും പകലും അധ്വാനിച്ചുണ്ടാക്കിയ പണം അമേരിക്കയിലെ വിവരദോഷികൾ ഈ കാട്ടുകള്ളനു കൊടുത്തു. അങ്ങനെ അമേരിക്കക്കാരെ വിഡ്ഢികളാക്കിയശേഷം ഈ നീചൻ ഇപ്പോൾ ഗൾഫ് പര്യടനം നടത്തുകയാണ്. യമനിൽക്കൂടി പര്യടനം നടത്തിയശേഷം ഇയാൾ ഇന്ത്യയിൽ തിരിച്ചെത്തും.

സുരേഷ് ബാബു കുറേക്കാലം എല്ലാവരേയും കബളിപ്പിച്ചു. ഇപ്പോഴും ചിലരെ കബളിപ്പിക്കുന്നു. തങ്കുവും തോമസ്കുട്ടിയും സാമച്ചനും കെ.സി.ജോണും, മറ്റും ഉലകമെമ്പാടുമുള്ളവരെ കബളിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്കൂട്ടത്തിൽ മുല്ലക്കരയും അരങ്ങു തകർക്കുന്നു. ഇവർക്കെല്ലാം പണം വാരിക്കൊടുക്കാൻ ആയിരക്കണക്കിന് ആളുകൾ തയ്യാറാകുന്നു. ഈമെയിലുകാരൻ പറഞ്ഞതുപോലെ, കഷ്ടമെന്നേ പറയേണ്ടൂ.

## രോഗസൗഖ്യം ലഭിച്ചവർ വിവരമറിയിക്കുക

മുല്ലക്കരയുടെ പ്രാർത്ഥനയാൽ രോഗസൗഖ്യം പ്രാപിച്ച ആരെങ്കിലും അമേരിക്കയിലുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നു കഴിഞ്ഞലക്കം ഡിഫെൻഡറിൽ അറിയിച്ചിരുന്നു. പക്ഷേ സൗഖ്യം പ്രാപിച്ചു എന്ന് ഏറ്റു പറയാൻ ആരും മുൻപോട്ടു വന്നില്ല. എങ്കിലും ഈ അഭ്യർത്ഥന ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. മുല്ലക്കരയുടെ പ്രാർത്ഥനയാൽ അത്ഭുത രോഗശാന്തി പ്രാപിച്ച ആരെങ്കിലും അമേരിക്കയിലോ ഗൾഫിലോ യമനിലോ ഉണ്ടെങ്കിൽ വിവരമറിയിക്കുക. എന്താണു നടന്നതെന്നു ചുരുക്കി എഴുതുക. പേര്, വിലാസം, ഫോൺ നമ്പർ തുടങ്ങിയ എല്ലാ വിവരങ്ങളും എഴുതേണ്ടതാണ്. ഊമക്കത്തുകൾക്കു പരിഗണന ലഭിക്കുന്നതല്ല. കത്ത് പോസ്റ്റിലോ ഈമെയിലിലോ അയയ്ക്കാം. പ്രസിദ്ധീകരണയോഗ്യമായ എല്ലാ കത്തുകളും ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്. അത്ഭുതം നടന്നു എന്നു തെളിഞ്ഞാൽ ആ വിവരവും ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കും. ആകയാൽ എത്രയും വേഗം വിവരമറിയിക്കുക.

## നൂറുകണക്കിനുണ്ട്, പക്ഷേ ഒന്നില്ല

മുല്ലക്കരയുടെ അബുദാബി യോഗത്തിൽ പങ്കെടുത്തശേഷം ഒരാൾ ഡിഫെൻഡറിന് ഒരു ഈമെയിൽ അയച്ചു. യോഗത്തിൽ വച്ച് നൂറുകണക്കിനു വ്യക്തികൾക്കു രോഗശാന്തി ലഭിച്ചെന്നും അതുകൊണ്ട് ഡിഫെൻഡർ ഇനി മുല്ലക്കരയ്ക്കെതിരായി എഴുതരുതെന്നുമായിരുന്നു ഈമെയിലിൽ ഉണ്ടായിരുന്നത്. ഡിഫെൻഡറിന് നൂറു വേണ്ടെന്നും ഒന്നു കൊണ്ടു തൃപ്തിപ്പെടാൻ തയ്യാറാണെന്നും മറുപടി അയച്ചു. മുല്ലക്കരയുടെ പ്രാർത്ഥനയാൽ ഉണ്ടായ ഒരു രോഗശാന്തിയുടെ വിവരം അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ മറുപടിയുണ്ടായില്ല. അത്ഭുത രോഗശാന്തി എന്നു കൊട്ടി ഘോഷിക്കുന്നിടത്തെല്ലാം ഇതു തന്നെ സ്ഥിതി. നൂറുകണക്കിനുണ്ട്, എടുത്തു പറയാൻ ഒന്നുമില്ല. ഇതാണു മാളോരേ സാക്ഷാൽ അത്ഭുതം.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം., മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan